THE ROMAN CATHOLIC DIOCESE OF VIJAYAPURAM
AD CHRISTI NOMEN · 1930


2019
ജൂൺ
വാല്യം 12 | ലക്കം 06
Annual Subscription ₹ 60.00


# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN





ഹോളി ഏഞ്ചൽസ് ഫെസ്റ്റ് - 2019-വിജയപുരം രൂപതയിൽ 2019-ൽ ആദ്യ കുർബാന സ്വീകരിച്ച കുട്ടികൾ അഭിവന്ദ്യ പിതാവിനോടും വൈദിക രോടും ഒപ്പം



വിമലഹൃദയപുത്രിമാർ ജൂബിലി നിറവിൽ-സുവർണ്ണ ജൂബിലി ആഘോ ഷിച്ചവരും പ്രഥമവ്രതവാഗ്ദാനം നടത്തിയവരുമായ DIH സിസ്റ്റേഴ്സ് അഭിവന്ദ്യ പിതാവിനോടും വൈദികരോടും ഒപ്പം

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**JUNE 2019** Registered Newspaper, Reg.No. KERMAL/2008/24745 **Vol.12 • No.6**

Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editors*
**Fr. Xavier Cherunellady**
**Adv. Henry John**

*Managing Editor*
**Fr. Joseph Cherukakramcheril**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Sri. Albert John**

*Circulation Manager*
**Fr. Xavier Cherunellady**
Mob: 9946511172
Ph: 0481-2456055



## താളുകൾ മറിക്കുമ്പോൾ...

4 എഡിറ്റോറിയൽ: **വിദ്യാഭ്യാസത്തിലൂടെ വിമോചനവും വികസനവും**

7 **ലോക മാധ്യമസന്ദേശം – 2019**

12 **അക്ഷരം നൽകുന്ന ആകാശം**

18 **ബി.സി.സി. മൊഡ്യൂൾ പരിശീലനങ്ങളിലൂടെ**

20 **വിദ്യാഭ്യാസം വിജയപുരം രൂപതയുടെ സമഗ്ര വളർച്ചയ്ക്ക്**

23 **വിമലഹൃദയ പുത്രിമാർ ജൂബിലി നിറവിൽ**

23 **ഹോളി ഏയ്ഞ്ചൽസ് ഫെസ്റ്റ് – 2019**

24 **ഇടവകവാർത്തകൾ**

31 **വി.എസ്.എസ്.എസ്. വാർത്തകൾ**

34 **അഭിവന്ദ്യ പിതാവിന്റെ ജൂലൈ മാസ പരിപാടികൾ**

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.

vijayapuradhuthu@gmail.com

## Editorial

# വിദ്യാഭ്യാസത്തിലൂടെ വിമോചനവും വികസനവും

ജൂൺമാസാരംഭത്തിൽ വേനൽ അവധിക്കാലം കഴിഞ്ഞ് പുതിയ അദ്ധ്യയനവർഷത്തിലേക്ക് കടന്നുവരുമ്പോൾ പ്രത്യേക കരുതലോടെ വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതിന്റെ ആവശ്യകത കുട്ടികളെയും മാതാപിതാക്കളെയും സമുദായ നേതാക്കളെയും ഓർമ്മപ്പെടുത്തട്ടെ. വിദ്യാഭ്യാസകാര്യത്തിൽ വേണ്ടത്ര ശ്രദ്ധകൊടുക്കാത്തതുമൂലം നമ്മുടെ കുഞ്ഞുങ്ങളും യുവാക്കളും അവഗണിക്കപ്പെടുന്നു. വേണ്ടത്ര വിദ്യാഭ്യാസം ഇല്ലാത്തതുമൂലം നമുക്ക് അർഹതപ്പെട്ട പല തൊഴിലുകളും സ്ഥാനങ്ങളും നഷ്ടപ്പെടുന്നു. നമ്മുടെ പെൺകുട്ടികൾക്ക് മറ്റു സമുദായങ്ങളിൽ നിന്ന് വരനെ തേടേണ്ടിവരുന്നതിനാൽ നമ്മുടെ സമുദായം മുരടിച്ചുപോകുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്താനും നന്നാക്കാനും നാം കിണഞ്ഞു ശ്രമിക്കുന്നുണ്ടെങ്കിലും നമ്മുടെ കുഞ്ഞുങ്ങളെയും യുവാക്കളെയും വിദ്യാഭ്യാസപരമായി വളർത്താൻ നാം വേണ്ടത്ര ശ്രദ്ധിക്കുന്നില്ല. അതിനാൽത്തന്നെ നമ്മുടെ കുഞ്ഞുങ്ങൾ ഗതിമുട്ടി നില്ക്കുന്നു. നമ്മുടെ കുടുംബങ്ങൾ പട്ടിണിയിൽ നിന്ന് മോചിതരാകാതെ നിലകൊള്ളുന്നു. നമ്മുടെ സമുദായം പലതരം ആസക്തികൾക്കും അടിമത്തങ്ങൾക്കും അടിമപ്പെട്ട് വളരാതെ നിലകൊള്ളുന്നു. തളർന്നു നില്ക്കുന്നു. നാം ആത്മാഭിമാനം ഇല്ലാത്തവരായി മുരടിച്ച് നിലകൊള്ളുന്നു, സമൂഹ്യപരമായും, രാഷ്ട്രീയപരമായും നാം പരാധീനതയിൽ കഴിയുന്നു. നമുക്കുവേണ്ടി നിലകൊള്ളാനും സംസാരിക്കാനും വേണ്ടത്ര നേതാക്കളില്ല. ഉദ്യോഗസ്ഥരില്ല. നമ്മുടെ കാര്യങ്ങൾ അവതരിപ്പിക്കാൻ നമ്മുടെ വാക്കുകൾക്ക് ശക്തമായ ശബ്ദമില്ല. അവകാശങ്ങൾ നേടിയെടുത്തു മുന്നേറാൻ വേണ്ട പിന്തുണയില്ല.

നാം വളരണമെങ്കിൽ വിമോചനവും, സ്വാതന്ത്ര്യവും സ്വാശ്രയവും അനുഭവിക്കണമെങ്കിൽ, ആത്മാഭിമാനത്തോടെ തലയുയർത്തി നില്ക്കണമെങ്കിൽ വിദ്യാഭ്യാസത്തിലൂടെ നാം ഉണർന്നേ മതിയാകൂ. കുടുംബം, കുടുംബകൂട്ടായ്മ, ഇടവക, രൂപത, കെ.ആർ.എൽ.സി.സി. തലങ്ങളിലും നമ്മുടെ കുട്ടികളെയും യുവാക്കളെയും വിദ്യാഭ്യാസപരമായി വളരാനും പക്വത പ്രാപിക്കാനും പ്രചോദിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും, ഉത്സാഹിപ്പിക്കുകയും, സഹായിക്കുകയും ചെയ്യണം. നമ്മുടെ ഒരു കുട്ടിപോലും ഒരു കാരണവശാലും പഠിക്കാതിരിക്കാനോ,

പഠനം മുടങ്ങാനോ ഇടയാകരുത്. മാതാപിതാക്കളും മറ്റു രക്ഷകർത്താക്കളും കുട്ടികളെ സ്കൂളിലും കോളേജിലും അഡ്മിഷൻ വാങ്ങിക്കാൻ ശ്രമിച്ചാൽ പോരാ. അവർ ക്ലാസിൽ ചെല്ലുന്നുണ്ടെന്നും നന്നായി പഠിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തണം. വിദ്യാഭ്യാസപരമായി നല്ല മാർക്കും റാങ്കും നേടുന്നുണ്ടെന്നുമാത്രം ശ്രദ്ധിച്ചാൽ പോരാ. വ്യക്തിത്വവികസനത്തിലും, ധാർമ്മികതയിലും വൈകാരികതയിലും പരസ്പരബന്ധങ്ങളിലും ആധ്യാത്മികതയിലും സാമൂഹിക പ്രതിബദ്ധതയിലും അവർ വളർച്ചയും പക്വതയും പ്രാപിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

കുട്ടികളും യുവാക്കളും എന്തെങ്കിലും ഒന്നു പഠിക്കണം, എങ്ങനെയെങ്കിലും ഒന്നു ജയിക്കണം എന്നുമാത്രം ശ്രദ്ധിച്ചാൽ പോരാ. പക്വതയുള്ള വ്യക്തികളാകാനും ജീവിതത്തെപ്പറ്റി നല്ല സ്വപ്നം കാണാനും ദർശനം ഉൾക്കൊള്ളാനും ദൗത്യബോധത്തോടും ലക്ഷ്യബോധത്തോടുംകൂടെ മുന്നേറാനും ശ്രദ്ധിക്കണം. നല്ല ജോലി കരസ്ഥമാക്കാനും നല്ലമനുഷ്യരായി ജീവിക്കാനും, ഉത്തമ വ്യക്തികളായി ഉത്തമപൗരരായി ജീവിത ധർമ്മം നിറവേറ്റാനും ആവശ്യമായതെല്ലാം തിരിച്ചറിഞ്ഞ് ഉത്സാഹത്തോടെ, ആവേശപൂർവ്വം അവർ പഠിക്കണം. പരിശീലനം നേടണം, വേണ്ടാത്തവയും നശിപ്പിക്കുന്നവയും ശരിയായ പാതയിൽ നിന്ന് വ്യതിചലിപ്പിക്കുന്നവയുമായ എല്ലാം വേണ്ടാത്ത ബന്ധങ്ങളും, വേണ്ടാത്ത ചിന്താഗതികളും വേണ്ടാത്ത പഠനങ്ങളും പ്രവർത്തനങ്ങളും വിട്ടുകളയാനും വേണ്ടതിലും, നല്ലതിലും ശ്രദ്ധകേന്ദ്രീകരിച്ച് നന്നായി മുന്നേറാനും ശ്രദ്ധിക്കണം.

വിദ്യാഭ്യാസം എന്നതിന് എഡ്യൂക്കേഷൻ എന്നാണ് ഇംഗ്ലീഷിൽ പറയുക. Ex, Ducere എന്നീ രണ്ടു ലത്തീൻ പദങ്ങളിൽ നിന്നാണ് എഡ്യുക്കേഷൻ എന്ന പദം വരുക. എക്സ് എന്നാൽ പുറത്തേക്ക്, Ducere എന്നാൽ നയിക്കുക എന്നാണർത്ഥം. അങ്ങനെ പുറത്തേക്ക് നയിക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. നമ്മെയും നമ്മിലുള്ളവയെയും പുറത്തേക്ക് നയിക്കുന്ന പ്രക്രിയ, അമ്മയുടെ ഗർഭപാത്രത്തിൽ ആരംഭിച്ച് നിത്യതയിലെ സ്വർഗ്ഗത്തിൽ പൂർത്തിയാകുന്ന പ്രക്രിയയാണ് വിദ്യാഭ്യാസം. ഗർഭപാത്രത്തിൽ നിന്ന് കുടുംബത്തിലേക്ക് കുടുംബത്തിൽ നിന്ന് സ്കൂളിലേക്ക് സ്കൂളിൽ നിന്ന് കോളേജിലേക്ക്, കോളേജിൽ നിന്ന് ലോകത്തിലേക്ക്. ലോകത്തിൽ നിന്ന് നിത്യതയിലേക്ക് നാം നയിക്കപ്പെടുന്നു. അവിടെ അമ്മയും അപ്പനും ഗുരുഭൂതരും നേതാക്കളും കൂട്ടുകാരും സഹപ്രവർത്തകരും ദൈവം തന്നെയും നമുക്ക് അദ്ധ്യാപകരാണ്. അതേപോലെ നാമോരോരുത്തരും തുടക്കത്തിൽ ഒരു വിത്തുപോലെയാണ്. വിത്ത് പഞ്ചഭൂതങ്ങളിലൂടെ മണ്ണിൽ വീണും, വെള്ളത്തിൽ കുതിർന്നും വായുവും വെയിലും ഏറ്റും അന്ധകാരത്തിൽ കഴിഞ്ഞും പൊട്ടിമുളച്ച് വളർന്ന് വൃക്ഷമായി പുഷ്പിക്കുകയും ഫലം കായ്ക്കുകയും ചെയ്യുന്നതുപോലെ പലരുടെയും പലതിന്റെയും സാഹചര്യങ്ങളുടെയും അന്തരീക്ഷത്തിന്റെയും സ്വാധീനവും പ്രചോദനവും

*പേജ്-5 (എഡിറ്റോറിയൽ) തുടർച്ച*

ഉൾക്കൊണ്ട് നമ്മുടെ ഉള്ളിൽ കുടികൊള്ളുന്ന കഴിവുകളും ഗുണങ്ങളും ശേഷികളും നന്മകളുമെല്ലാം കണ്ടെത്തപ്പെടണം. വെളിപ്പെടുത്തപ്പെടണം, പോഷിപ്പിക്കപ്പെടണം, വളർത്തപ്പെടണം, ജീവിതദൗത്യം നിറവേറ്റാനും ജീവിത സാക്ഷാത്ക്കാരം നേടാനും ഉപയോഗിക്കപ്പെടണം. അങ്ങനെ വ്യക്തികളെന്ന രീതിയിലും സമുദായം എന്ന രീതിയിലും വിദ്യാഭ്യാസത്തിലൂടെ വിമോചനവും വിടുതലും പ്രാപിക്കാനും, വളരാനും വികസിക്കാനും ശ്രദ്ധിക്കാം. എല്ലാത്തരം പ്രതിബന്ധങ്ങളെയും തടസ്സങ്ങളെയും വെല്ലുവിളികളെയും അതിജീവിച്ച് നമുക്ക് പക്വത പ്രാപിച്ച് മുന്നേറാം. അങ്ങനെ നാമും നമ്മുടെ കുടുംബവും സമൂഹവും സമുദായവും വിടുതൽ പ്രാപിക്കട്ടെ. വളരട്ടെ. നിത്യതയിലേക്ക് സംതൃപ്തിയോടെ, ജീവിത സാക്ഷാത്ക്കാരം അനുഭവിച്ച് മുന്നേറട്ടെ.

## ചെങ്ങളം വൈദീക വസതി ആശീർവ്വാദം





പി.ആർ.ഒ. ഹെൻറി ജോണിന്റെ പുസ്തകപ്രകാശനം
അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചപ്പോൾ

# ലോക മാധ്യമദിന സന്ദേശം 2019

## നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ് (എഫേ 4:25)

## സാമൂഹിക നെറ്റുവർക്ക് സമൂഹങ്ങളിൽനിന്ന് മാനുഷിക സമൂഹത്തിലേക്ക്

പ്രിയ സഹോദരീ സഹോദരന്മാരേ,

ഇന്റർനെറ്റ് ആദ്യം ലഭ്യമായപ്പോൾ മുതൽ സഭ എപ്പോഴും വ്യക്തികൾ തമ്മിലുള്ള കണ്ടുമുട്ടലിന്റെയും എല്ലാവരിലുമുള്ള ഐക്യദാർഢ്യത്തിന്റെയും സേവനത്തിൽ അതിന്റെ ഉപയോഗം വളർത്താൻ പരിശ്രമിച്ചു. നമ്മുടെ പാരസ്പര്യത്തിന്റെ അടിസ്ഥാനത്തെയും പ്രാധാന്യത്തെയുംപറ്റി ഒരിക്കൽക്കൂടി ചിന്തിക്കാനും സമകാലീനസമ്പർക്കമാധ്യമ പശ്ചാത്തലം സമ്മാനിക്കുന്ന വെല്ലുവിളികളുടെ വിസ്തൃതവ്യൂഹത്തിൽ, അന്യവത്കൃതനായും ഏകാകിയായും കഴിയാൻ മനസ്സില്ലാത്ത മനുഷ്യവ്യക്തിയുടെ ആഗ്രഹം വീണ്ടും കണ്ടെത്താനും ഞാൻ നിങ്ങളെ ക്ഷണിക്കുന്നു.

**നെറ്റിന്റെയും സമൂഹത്തിന്റെയും രൂപകാലങ്കാരങ്ങൾ**

അനുദിനജീവിതമണ്ഡലത്തിൽനിന്ന് വേർതിരിച്ചറിയാനാവാത്ത വിധം വ്യാപനശക്തിയുള്ളതാണ് ഇന്നത്തെ മാധ്യമ പരിതസ്ഥിതി. നെറ്റ് നമ്മുടെ കാലഘട്ടത്തിലെ ഒരു വിഭവകേന്ദ്രമാണ്. പണ്ട് ചിന്തിക്കാൻ സാധ്യമല്ലാതിരുന്ന അറിവിന്റെയും ബന്ധങ്ങളുടെയും ഉറവിടമാണത്. എന്നിരുന്നാലും ഉത്പാദനപ്രക്രിയ, വിതരണം, ഉള്ളടക്കത്തിന്റെ ഉപയോഗം എന്നിവയിൽ സാങ്കേതികവിദ്യ കൊണ്ടുവന്നിട്ടുള്ള അഗാധമായ പരിവർത്തനങ്ങളുടെ വെളിച്ചത്തിൽ ആഗോളതലത്തിൽ യഥാർത്ഥ അറിവിനുള്ള അന്വേഷണം, അതിന്റെ പങ്കുവയ്ക്കൽ എന്നിവയെ ഭീഷണിപ്പെടുത്തുന്ന അപകടങ്ങളെയും അനേകം വിദഗ്ധർ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഇന്റർനെറ്റ് അറിവിനെ സമീപിക്കാനുള്ള അസാധാരണ സാധ്യതയെ പ്രതിനിധീകരിക്കുമെങ്കിലും അത് തെറ്റായ അറിവു നല്കുന്നതും യാഥാർത്ഥ്യങ്ങളെയും വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളെയും വികലമാക്കുന്നതുമാണെന്നതും സത്യമാണ്.

ഒരുകാര്യം നാം തിരിച്ചറിയണം. സാമൂഹിക നെറ്റുവർക്കുകൾ ഒരു വശത്ത് പരസ്പരം നന്നായി ബന്ധപ്പെടാനും വീണ്ടും കണ്ടെത്താനും പരസ്പരം സഹായിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. എന്നാൽ മറുവശത്ത് വ്യക്തിക്കും വ്യക്തിയുടെ അവകാശങ്ങൾക്കും അർഹമായ ബഹുമാനം നല്കാതെ രാഷ്ട്രീയമോ സാമ്പത്തികമോ ആയ നേട്ടങ്ങൾക്കുവേണ്ടി വ്യക്തിപരമായ വിവരങ്ങൾ ദുരുപയോഗിക്കാൻ നിമിത്തമാകുന്നു. യുവജനങ്ങളിൽ നാലിൽ ഒരാൾ സൈബർ ബുള്ളിയിംഗിന്റെ പര

മ്പരകളിൽ ഉൾപ്പെട്ടിരിക്കുന്നുവെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു.

ഈ സങ്കീർണാവസ്ഥയിൽ ഇന്റർനെറ്റു തുടങ്ങിയതിന്റെ അടിസ്ഥാനമായിരുന്ന നെറ്റ് എന്ന രൂപകാലങ്കാരത്തെപ്പറ്റി വീണ്ടും ചിന്തിക്കുന്നത് അതിന്റെ ഭാവാത്മകമായ കഴിവു കണ്ടെത്താൻ ഉപകാരപ്രദമായിരിക്കും. വല എന്ന ബിംബം തിരശ്ചീന രേഖകളുടെയും ലംബരേഖകളുടെയും ബഹുത്വത്തെക്കുറിച്ചു ചിന്തിക്കാൻ നമ്മെ ക്ഷണിക്കുന്നു. ഒരു കേന്ദ്രസ്ഥാനമോ ശ്രേണീപരമായ ഘടനയോ ലംബസമാനമായ ഒരു സംയോജനാരൂപമോ ഇല്ലാത്ത അതിന് സ്ഥിരത ഉറപ്പുവരുത്തുന്നവയാണ് ഈ രേഖകൾ. എന്നാൽ പലപ്പോഴും അവ പൊതുതാത്പര്യങ്ങളെയോ നേർത്ത ബന്ധങ്ങൾ മാത്രം പേറുന്ന വിഷയങ്ങളെയോ മുൻനിറുത്തി പരസ്പരം അംഗീകരിക്കുന്ന വ്യക്തികളുടെ ഗണങ്ങൾ മാത്രമായി കഴിയുന്നു.

നരവംശശാസ്ത്രപരമായ വീക്ഷണപ്രകാരം നെറ്റ്, (സമൂഹം എന്ന) രൂപകാലങ്കാരം അർത്ഥപൂർണമായ മറ്റൊരു പ്രതിബിംബത്തെ, ഓർമിപ്പിക്കുന്നു. സമൂഹം പരസ്പരവിശ്വാസമുള്ളതായിരിക്കുകയും പൊതുലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുകയും ചെയ്യണം. അത് സംയോഗശക്തിയുള്ളതും പിന്താങ്ങുന്നതുമായിരിക്കണം. ഐക്യദാർഢ്യത്തിന്റെ നെറ്റുവർക്ക് എന്ന നിലയിലുള്ള സമൂഹത്തിന് ഭാഷയുടെ ഉത്തരവാദിത്വപൂർണമായ ഉപയോഗത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പരസ്പരശ്രവണവും സംവാദവും ഉണ്ടാകണം.

ഇന്നത്തെ സാഹചര്യത്തിൽ സോഷ്യൽ നെറ്റുവർക്ക് സമൂഹങ്ങൾ സ്വാഭാവിക സമൂഹത്തിന്റെ പര്യായമല്ലെന്ന് ആർക്കും കാണാവുന്നതാണ്. അടിയന്തിരഘട്ടങ്ങളിൽ ഈ വെർച്ച്വൽ സമൂഹങ്ങൾ കൂടിച്ചേരലും ഐക്യദാർഢ്യവും പ്രദർശിപ്പിക്കാൻ കഴിവുള്ളതാണ്. എന്നാൽ പലപ്പോഴും ദുർബലമായ ബന്ധങ്ങളുടെ പൊതുതാത്പര്യംമൂലം പരസ്പരം തിരിച്ചറിയുന്ന ഗ്രൂപ്പുകളായി കഴിയുന്നു. കൂടാതെ, സോഷ്യൽ വെബിൽ തനിമ പലപ്പോഴും അപരനോട്, ഗ്രൂപ്പിൽപെടാത്തവനോടുള്ള വൈരുധ്യത്തെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാകുന്നു. നമ്മെ ഐക്യപ്പെടുത്തുന്നവയെ എന്നതിനെക്കാൾ നമ്മെ വിഭജിക്കുന്നവയെ അടിസ്ഥാനപ്പെടുത്തി നാം സ്വയം നിർവചിക്കുന്നു. സംശയത്തിനും എല്ലാതരം മുൻവിധിക്കും (വംശപരം, ലിംഗപരം, മതപരം മുതലായവ) ഇടയാക്കുന്നു. ഈ പ്രവണത വൈവിധ്യത്തെ ഒഴിവാക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുന്നു. അത് ഡിജിറ്റൽ സാഹചര്യത്തിലും വിദ്വേഷത്തിന്റെ ഓളങ്ങളെ ഇളക്കിവിടുന്ന അനിയന്ത്രിതമായ വ്യക്തിവാദത്തെ മറ്റുള്ളവരുമായിട്ടുള്ള കണ്ടുമുട്ടൽ വളർത്താനുള്ള അവസരമാണ് നെറ്റ്. എന്നാൽ അതിന് നമ്മുടെ ഏകാന്തതയെ വർദ്ധിപ്പിക്കാനാകും – നമ്മെ പിടികൂടിയ ഒരു വലപോലെ. യുക്തിപരമായ തലത്തിൽ പൂർണമായി തൃപ്തിപ്പെടുത്താൻ സോഷ്യൽ വെബിന് കഴിയുമെന്ന മിഥ്യാബോധം

യുവജനത്തിനാണ് ഏറ്റവും കൂടുതൽ ഉള്ളത്. യുവജനം "സാമൂഹിക താപസന്മാർ" ആയിത്തീരുന്ന അപകടകരമായ ഒരു പ്രതിഭാസം ഉണ്ട്. അവർ സമൂഹത്തിൽ നിന്നു പൂർണമായി ഒറ്റപ്പെടുകയെന്ന അപകട സാധ്യതയിലാണ്. നാടകീയമായ ഈ അവസ്ഥ സാമൂഹികബന്ധത്തിൽ തകർച്ചയുണ്ടാക്കുന്നു എന്നത് നമുക്ക് അവഗണിക്കാനാവില്ല.

നാനാരൂപമുള്ളതും അപകടകരവുമായ ഈ യാഥാർത്ഥ്യം അവ സാന്മാർഗികമോ സാമുഹികമോ നിയമപരമോ രാഷ്ട്രീയമോ സാമ്പത്തികമോ ആയ വിവിധ ചോദ്യങ്ങളെ ഉയർത്തുന്നു. അവ സഭയെ വെല്ലുവിളിക്കുകയും ചെയ്യുന്നുണ്ട്. വെബിനെ നിയന്ത്രിക്കാനും സ്വതന്ത്രവും തുറവിയുള്ളതും സുരക്ഷിതവുമായ ഒരു നെറ്റുവർക്കിനെക്കുറിച്ച് തുടക്കത്തിലേ ഉള്ള കാഴ്ചപ്പാട് സംരക്ഷിക്കാനും സർക്കാരുകൾ നിയമപരമായ മാർഗങ്ങൾ തേടുന്നു. അതേസമയം അതിന്റെ ഭാവാത്മകമായ ഉപയോഗത്തെ വളർത്താൻ നമുക്ക് എല്ലാവർക്കും ബാധ്യതയും ഉത്തരവാദിത്വവും ഉണ്ട്.

ബന്ധങ്ങൾ വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം പരസ്പരധാരണ വളർത്താൻ കഴിയില്ലല്ലോ. അങ്ങനെയെങ്കിൽ ഓൺലൈൻ നെറ്റുവർക്കിൽ പരസ്പര ഉത്തരവാദിത്വത്തെക്കുറിച്ചുള്ള ബോധത്തോടെ എങ്ങനെ യഥാർത്ഥ സാമൂഹിക തനിമ കണ്ടെത്താനാവും?

## "നാം ഒരേ ശരീരത്തിന്റെ അവയവങ്ങളാണ്"

മൂന്നാമത്തെ ഒരു രൂപകാലങ്കാരത്തിൽനിന്ന്, ശരീരവും അവയവങ്ങളും എന്ന രൂപകാലങ്കാരത്തിൽനിന്ന് സാധ്യമായ ഒരു ഉത്തരം കണ്ടെത്താൻ കഴിയും. ആ രൂപകമാണ് മനുഷ്യരെ ബന്ധിപ്പിക്കുന്ന ശരീരത്തെ അടിസ്ഥാനപ്പെടുത്തി മനുഷ്യരുടെ പരസ്പരബന്ധം വിവരിക്കാൻ വിശുദ്ധ പൗലോസ് ശ്ലീഹാ ഉപയോഗിക്കുന്നത്: "അതിനാൽ വ്യാജം വെടിഞ്ഞ് എല്ലാവരും തങ്ങളുടെ അയൽക്കാരോട് സത്യം സംസാരിക്കണം. കാരണം, നാം ഒരേ ശരീരത്തിലെ അവയവങ്ങളാണ്" (എഫേ 4:25). പരസ്പരം അവയവങ്ങളായിരിക്കുകയെന്നത് ആഴമുള്ള ഒരു ലക്ഷ്യമാണ്. അത് ഉപയോഗിച്ച് അപ്പസ്തോലൻ നമ്മെ വ്യാജം വെടിയാനും സത്യം പറയാനും ക്ഷണിക്കുന്നു. സത്യത്തെ സംരക്ഷിക്കാനുള്ള കടമ ഐക്യത്തിന്റെ പരസ്പരബന്ധത്തിൽനിന്നുണ്ടാകുന്നു. സത്യം ഐക്യം വെളിവാക്കുന്നു. നുണയാകട്ടെ, നമ്മൾ ഒരേ ശരീരത്തിന്റെ അംഗങ്ങളാണെന്നത് നിഷേധിക്കുന്നു.

ശരീരത്തിന്റെയും അവയവങ്ങളുടെയും അലങ്കാരം നമ്മുടെ തനിമയെപ്പറ്റി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ആ തനിമ ഐക്യത്തിലും "അപരത്വ"ത്തിലും അടിയുറച്ചതാണ്. ക്രിസ്തു ശിരസ്സായിട്ടുള്ള ഏകശരീരത്തിലെ അവയവങ്ങളാണ് നമ്മൾ എന്ന് ക്രൈസ്തവരായ നമ്മൾ അംഗീകരിക്കുന്നു. ഭാവിയിൽ മത്സരിക്കാനുള്ളവരായി ആളുകളെ കാണാതിരിക്കാനും ശത്രുക്കളെപ്പോലും വ്യക്തികളായി കാണാനും ഇത് സഹായിക്കും. നമ്മെത്തന്നെ നിർവചിക്കാൻ നമുക്കു ശത്രുവിന്റെ ആവശ്യ

മില്ല. എന്തെന്നാൽ എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന നോട്ടം നാം ക്രിസ്തുവിൽനിന്നു പഠിക്കുന്നുണ്ട്. അത് അപരത്വത്തെ പുതിയൊരു രീതിയിൽ കണ്ടെത്താൻ – അവശ്യഘടകമായും ബന്ധത്തിന്റെയും അടുപ്പത്തിന്റെയും വ്യവസ്ഥയായും കണ്ടെത്താൻ – നമ്മെ പ്രേരിപ്പിക്കുന്നു.

മനസ്സിലാക്കാനും ബന്ധപ്പെടാനും മനുഷ്യരിലുള്ള കഴിവ് ദൈവിക വ്യക്തികൾ തമ്മിലുള്ള സ്നേഹത്തിന്റെ ഐക്യത്തിൽ അടിയുറപ്പിച്ചതാണ്. ദൈവം ഏകാന്തതയല്ല, ഐക്യമാണ്. അവിടന്നു സ്നേഹമാണ്; അതുകൊണ്ട്, സമ്പർക്കമാണ്. എന്തെന്നാൽ സ്നേഹം എപ്പോഴും ആശയവിനിമയം നടത്തുന്നു. അന്യനെ കണ്ടെത്താൻ സ്വയം അങ്ങനെ ചെയ്യുന്നു. ചരിത്രത്തിലുടനീളം യഥാർത്ഥ സംവാദം സ്ഥാപിച്ചുകൊണ്ട് നമ്മോടു സംസാരിക്കുന്നതിനും നമ്മോടു ബന്ധപ്പെടുന്നതിനും ദൈവം നമ്മുടെ ഭാഷ സ്വീകരിക്കുന്നു. (cf. രണ്ടാം വത്തിക്കാൻ കൗൺസിൽ ഡേഗ്മാറ്റിക്ക് കോൺസ്റ്റിറ്റ്യൂഷൻ, ദേയി വെർബും 2).

നമ്മൾ ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവിടന്ന് ഐക്യവും ആത്മസമ്പർക്കവുമാണ്. അതുകൊണ്ട് ഐക്യത്തിൽ ജീവിക്കാനുള്ള – ഒരു സമൂഹത്തിന്റേതായിരിക്കാനുള്ള ആഗ്രഹം നമ്മുടെ ഹൃദയത്തിൽ നാം കൊണ്ടുനടക്കുന്നു. “പരസ്പരബന്ധത്തിൽ പ്രവേശിക്കുക, പരസ്പരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുക – ഇതിനെക്കാൾ സവിശേഷമായ മറ്റൊന്നും നമ്മുടെ പ്രകൃതിയിലില്ല” വിശുദ്ധ ബേസിൽ പറയുന്നു.

ബന്ധങ്ങളിലായിരിക്കാനും മനുഷ്യത്വത്തിന്റെ വ്യക്ത്യന്തരബന്ധസ്വഭാവം സൂക്ഷിക്കാനും ഇപ്പോഴത്തെ സാഹചര്യം നമ്മോട് ആവശ്യപ്പെടുന്നു – നെറ്റുവർക്കിലും നെറ്റുവർക്കിലൂടെയും അങ്ങനെ ചെയ്യണം. അതിലും കൂടുതലായി വിശ്വാസികൾ എന്ന നിലയിലുള്ള തനിമയുടെ അടയാളമായ ഐക്യം വെളിപ്പെടുത്താൻ, ക്രിസ്ത്യാനികൾ എന്ന നിലയിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു. വിശ്വാസംതന്നെ യഥാർത്ഥത്തിൽ ഒരു ബന്ധമാണ്, കണ്ടുമുട്ടലാണ്. ദൈവസ്നേഹത്തിന്റെ പ്രേരണകൊണ്ട് നമുക്കു സമ്പർക്കത്തിലാകാനും സ്വാഗതംചെയ്യാനും അപരന്റെ ദാനത്തെ തിരിച്ചറിഞ്ഞ് അതിനോടു പ്രത്യുത്തരിക്കാനും കഴിയും. ഞാൻ ഞാൻ തന്നെ ആയിരിക്കണമെങ്കിൽ എനിക്ക് മറ്റുള്ളവരെ ആവശ്യമുണ്ട് എന്നത് ത്രിത്വമായ ദൈവത്തിലുള്ള വിശ്വാസത്തിൽനിന്നുളവാകുന്ന കാര്യമാണ്. ഞാൻ മറ്റുള്ളവരോടു ബന്ധപ്പെട്ടാൽ മാത്രമേ ഞാൻ യഥാർത്ഥത്തിൽ മനുഷ്യത്വവും വ്യക്തിത്വവും ഉള്ളവനായിരിക്കുകയുള്ളൂ. യഥാർത്ഥത്തിൽ, “വ്യക്തി“ എന്ന വാക്ക് ഒരു “മുഖം” എന്ന നിലയിൽ മനുഷ്യജീവിയെ സൂചിപ്പിക്കുന്നു. അവന്റെ മുഖം മറ്റുള്ളവരുടെ നേരേ തിരിഞ്ഞിരിക്കുകയാണ്. അവർ മറ്റുള്ളവരുമായി ബന്ധപ്പെട്ടിരിക്കുന്നവരുമാണ്. നമ്മുടെ ജീവിതം കൂടുതൽ മാനുഷികമായിത്തീരുന്നത് അതിന്റെ സ്വഭാവം കുറച്ചുമാത്രം ഒറ്റപ്പെട്ടതാകുകയും കൂടുതൽ വ്യക്തിത്വമുള്ളതാവുകയും ചെയ്യുമ്പോഴാണ്. മറ്റുള്ളവനെ എതി

രാളിയായി കാണുന്ന ഒറ്റപ്പെട്ടവനായിരിക്കുന്നതിൽനിന്ന് മറ്റുള്ളവരെ സഹചാരികളായി അംഗീകരിക്കുന്ന വ്യക്തിയിൽ വിശ്വാസ്യമായ ഈ മാർഗം കാണാം.

**'ലൈക്ക്' (like) എന്നതിൽനിന്നും 'ആമ്മേൻ' എന്നതിലേക്ക്**

ശരീരത്തിന്റെയും അവയവങ്ങളുടെയും ബിംബം നമ്മെ ഒരു കാര്യം ഓർമിപ്പിക്കുന്നു: മറ്റൊരാളുടെ ശരീരം, ഹൃദയം, കണ്ണുകൾ, നോട്ടം, ശ്വസനം എന്നിവയിലൂടെ സജീവമായിത്തീരുന്ന ശരീരത്തിലുള്ള കണ്ടുമുട്ടലിന് സാമൂഹിക വെബ് ഉപകാരപ്രദമാണ്. അത്തരം ഒരു കണ്ടുമുട്ടലിന്റെ ഒരു വ്യാപിപ്പിക്കലോ പ്രതീക്ഷിക്കലോ ആയി നെറ്റ് ഉപയോഗിച്ചാൽ നെറ്റുവർക്ക് എന്ന സങ്കല്പം ഒറ്റിക്കൊടുക്കപ്പെടുകയില്ല. അത് ഐക്യത്തിനുള്ള നിമിത്തമായി നിലകൊള്ളും. ഒരു കുടുംബം കൂടുതൽ ബന്ധപ്പെടാനും തുടർന്ന് മേശയ്ക്കരികേ കണ്ട് പരസ്പരം കണ്ണുകളിലേക്കു നോക്കാനും നെറ്റ് ഉപയോഗിക്കുമ്പോൾ അത് വിഭവമായിത്തീരുന്നു. ഒരു സഭാസമൂഹം നെറ്റുവർക്കിലൂടെ പ്രവർത്തനം സംഘടിപ്പിക്കുകയും ഒന്നിച്ച് ദിവ്യകാരുണ്യാഘോഷം നടത്തുകയും ചെയ്താൽ നെറ്റ് വിഭവമായിത്തീരും. ശാരീരികമായി നമ്മിൽനിന്ന് അകന്നിരിക്കുന്ന സൗന്ദര്യത്തിന്റെയോ സഹനത്തിന്റെയോ കഥകളോ അനുഭവങ്ങളോ പങ്കുവയ്ക്കാനുള്ള അവസരം നെറ്റ് തരുമ്പോൾ അത് വിഭവമാണ്. ഒന്നിച്ചുപ്രാർത്ഥിക്കാനും നന്മ അന്വേഷിക്കാനും ഐക്യപ്പെടുത്തുന്നവയെ കണ്ടെത്താനും നെറ്റ് സഹായിക്കുന്നു.

ഈ വിധത്തിൽ നമുക്ക് രോഗനിർണയത്തിൽ നിന്ന് ചികിത്സയിലേക്കു കടക്കാം. സംവാദത്തിനും കണ്ടുമുട്ടലിനും "പുഞ്ചിരികൾക്കും" വാത്സല്യപ്രകടനങ്ങൾക്കും ഉള്ള വഴി തുറക്കുന്നു. ഈ നെറ്റുവർക്കാണ് നമുക്കും വേണ്ടത് – കെണിയിൽപെടാനുള്ളതല്ല വിമോചിപ്പിക്കാനുള്ളത്, സ്വതന്ത്രജനതയുടെ ഐക്യം സംരക്ഷിക്കാനുള്ളത്. സഭതന്നെ ദിവ്യകാരുണ്യ ഐക്യം വഴി ഒന്നിച്ചു നെയ്യപ്പെട്ട ഒരു നെറ്റുവർക്കാണ്. അവിടെ ഐക്യത്തിന്റെ അടിസ്ഥാനം "ലൈക്ക്" അല്ല പിന്നെയോ സത്യത്തിൽ "ആമ്മേൻ" ആണ്. അതുവഴി ഓരോ വ്യക്തിയും ക്രിസ്തുവിന്റെ ശരീരത്തോട് ഒട്ടിച്ചേരുകയും മറ്റുള്ളവർക്ക് സ്വാഗതമരുളുകയും ചെയ്യുന്നു.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ<br>ആസ്ഥാനകാര്യാലയം, കൊച്ചി–682 025.

---

N.B: *ഈ സർക്കുലർ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും മാധ്യമദിനമായ 2019 ജൂൺ 2-ാം തീയതി വായിക്കുകയോ, സന്ദേശം പങ്കുവയ്ക്കുകയോ ചെയ്യേണ്ടതാണ്.*

# അക്ഷരം നൽകുന്ന
# ആകാശം

**സാ**മ്പത്തിക സാംസ്കാരിക രാഷ്ട്രീയ വിദ്യാഭ്യാസ മേഖലയിൽ വികസിത രാജ്യങ്ങൾക്കൊപ്പം നിൽക്കാവുന്ന ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ കേരള ജനതയിൽ ഇരുപതു ലക്ഷത്തോളം വരുന്ന ലത്തീൻ സമുദായം എല്ലാ മേഖലകളിലും പിന്നോക്കം നിൽക്കുന്ന ഒരു സമൂഹമാണ്. വിദ്യാഭ്യാസരംഗത്തെ പിന്നോക്കം പോകലാണ് ഈ അവസ്ഥയ്ക്ക് മുഖ്യകാരണം. കേരള ലത്തീൻ സഭാംഗങ്ങൾ ബഹുഭൂരിപക്ഷവും തീരപ്രദേശങ്ങളിലും മലയോരങ്ങളിലും വസിക്കുന്ന സാധാരണ ജനതയാണ് ഭാരത സഭാശരീരത്തിലെ സഹോദര സഭകളുമായി തുലനം ചെയ്യുമ്പോൾ ലത്തീൻസഭ ഏറെ പിന്നോക്കാവസ്ഥയിലാണ് ഒരു സമ്പൂർണ്ണ മനുഷ്യനെ വാർത്തെടുക്കുകയെന്ന വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യം നേടിയെടുക്കുന്നതിലൂടെയുള്ള വ്യക്തിത്വ വികസനവും സമുദായ വികസനവുമാണ് നമ്മുടെ മുന്നിലുള്ള പരിഹാരം.

സമുദായത്തിന് കീഴിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവായതും, മാതാപിതാക്കളുടെ നിരക്ഷരതയും ,യുവതലമുറയ്ക്ക് ശരിയായ ലക്ഷ്യബോധവും ദിശാബോധവും ഇല്ലാത്തതും വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്കു കാരണമാകുന്നു. പുതിയ തൊഴിൽ മേഖലകളും അവസരങ്ങളും പ്രയോജനപ്പെടുത്താത്തതും, പഠനത്തോടൊപ്പം പാർടൈം ജോലികൾ ഏറ്റെടുക്കുന്നതും ,കമ്പ്യൂട്ടർ സാക്ഷരതയുടെയും സാങ്കേതിക വിദ്യയുടെയും കുറവും, താഴ്ന്ന ക്ലാസ്സുകളിൽ നേടേണ്ടതായ പഠനശേഷികൾ നേടാത്തതും, നമ്മുടെ യുവജനങ്ങൾ പിൻനിരയിലേക്കു തള്ളപ്പെടുന്നതിനു കാരണമാകുന്നു. വലുതും ചെറുതുമായ എല്ലാ വിശേഷ അവസരങ്ങളിലുമുള്ള അനാവശ്യമായ ആഡംബരങ്ങളും ആഘോഷങ്ങളും, വീടുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതയും സാമ്പത്തിക അടിത്തറയില്ലായ്മയും ഉന്നത വിദ്യാഭ്യാസത്തിനുള്ള ചെലവ് വഹിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഇല്ലാതാക്കുന്നു. അതിലുപരി സമുദായത്തിന്റെ അസംഘടിതാവസ്ഥ അവസരങ്ങളും അവകാശങ്ങളും നേടിയെടുക്കുന്നതിന് ഒറ്റക്കെട്ടായി പ്രവർത്തിക്കു ന്നതിന് തടസ്സമാകുന്നു.

ഈ സത്യങ്ങൾ മനസ്സിലാക്കി കഴിഞ്ഞ 15 വർഷങ്ങളിലായി KRLCC യുടെ നേതൃത്വത്തിൽ നടക്കുന്ന പഠനങ്ങളും ചർച്ചകളും വിശകലനങ്ങളും ലത്തീൻ സഭയുടെ പങ്കാളിത്തത്തിനും ശാക്തീകരണത്തിനുമായി കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. KRLCC യുടെ മുപ്പത്തിരണ്ടാം ജനറൽ അസംബ്ലി അംഗീകരിച്ച വിദ്യാർഥികേന്ദ്രീകൃത

സമഗ്ര വിദ്യാഭ്യാസ മാതൃക, വിദ്യാഭ്യാസത്തിലൂടെയുള്ള ഒരു വികസിത ലത്തീൻ സമൂഹത്തെയാണ് വിഭാവനം ചെയ്യുന്നത്. കേരള ലത്തീൻ സമുദായത്തെ സംബന്ധിച്ച് 48.76% ജനങ്ങൾ 30 വയസ്സിനു താഴെയുള്ളവരാണ് എന്നാൽ ഇവരിൽ എത്രപേർ ഉന്നത വിദ്യാഭ്യാസം നേടുന്നു എന്നതാണ് നമ്മുടെ വെല്ലുവിളി. ഈ വെല്ലുവിളിയെ ക്രിയാത്മകമായി നേരിടുന്നതിനുള്ള നല്ല ഒരു മാർഗ്ഗനിർദ്ദേശമാണ് വിദ്യാർഥികേന്ദ്രീകൃത വിദ്യാഭ്യാസ മാതൃക.

**വിദ്യാർഥികേന്ദ്രീകൃത വിദ്യാഭ്യാസ മാതൃക: ഒരു അവലോകനം**

പ്രീപ്രൈമറി തലം മുതൽ എല്ലാ വിദ്യാർത്ഥികളും പഠനത്തിൽ താല്പര്യമുള്ളവരും ലക്ഷ്യബോധത്തോടെ പഠിച്ചു മുന്നേറുന്നവരും ആകുവാനുള്ള നിർദ്ദേശങ്ങളാണ് ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്നത്. ഓരോ ക്ലാസ്സുകളിലും വിദ്യാർത്ഥികൾ ആർജ്ജിക്കേണ്ടതായ ഭാഷാ പരിജ്ഞാനം, ഗണിതം, ശാസ്ത്രം, സാമൂഹ്യ വിഷയങ്ങൾ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗങ്ങൾ എന്നിവ നേടിയെടുക്കുന്നതിനുള്ള പ്രോത്സാഹനവും മാർഗനിർദേശങ്ങളും പിന്തുണയും നൽകേണ്ടത് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും പൊതു പരീക്ഷകളിൽ ഉയർന്ന നിലവാരം പുലർത്തുന്നതിനും അത്യന്താപേക്ഷിതമാണ്. രൂപരേഖയിൽ നിർദ്ദേശിക്കുന്ന നമ്മുടെ ഇടവകയിലും കൂട്ടായ്മകളിലും നടപ്പിലാക്കേണ്ട ഏതാനും പ്രായോഗിക നിർദ്ദേശങ്ങളാണ് താഴെ പ്രതിപാദിക്കുന്നത് .

ഒന്ന് മുതൽ നാല് വരെ ക്ളാസ്സുകളിലെ കുട്ടികൾക്ക് ഭാഷാഅക്ഷര മാല, അക്കങ്ങൾ, ഭാഷാപ്രയോഗം, അടിസ്ഥാനഗണിതം എന്നിവയെ സംബന്ധിച്ച ശേഷികൾ വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബി സി സി യോഗങ്ങളിൽ നടപ്പിലാക്കുക.

മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകുകയും പിന്നോക്കം നിൽക്കുന്നവർക്ക് അനുബന്ധ പഠന സേവന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

അഞ്ചാം ക്ലാസ്സിൽ ഹിന്ദി ആറാം ക്ലാസ്സിൽ ഗണിതം ഏഴാം ക്ലാസ്സിൽ ശാസ്ത്ര വിഷയങ്ങൾ എന്നിവയ്ക്കു ഊന്നൽ നൽകുക.

എട്ട് ഒൻപത് പത്തു ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും അറുപത് ശതമാനം മാർക്ക് നേടുന്നതിനുള്ള പ്രോത്സാഹനവും പരിശീലന സൗകര്യങ്ങളും ഒരുക്കുക.

10, +1, +2 ക്ലാസ്സുകളിലെ പഠനം മോണിറ്റർ ചെയ്യാനും വിലയിരുത്താനും ബി സി സി തലത്തിൽ ടെസ്റ്റുകൾ നടത്താനും അനുബന്ധ പഠന സൗകര്യങ്ങൾ ഒരുക്കാനും ഏർപ്പാട് ചെയ്യുക

+2 കഴിഞ്ഞവർ ബിരുദ കോഴ്സുകൾക്കോ പ്രൊഫഷണൽ കോഴ്സുകൾക്കോ പഠിക്കുന്നു എന്ന് ഉറപ്പാക്കുക. ബിരുദാനാന്തര കോഴ്സുകൾക്ക് പോകാൻ പ്രേരിപ്പിക്കുകയും അതിനുവേണ്ട ഒത്താശകൾ ചെയ്തു കൊടുക്കുകയും ചെയ്യുക

SSLC, +2 പഠിക്കുന്ന കുട്ടികൾക്കും മാതാപിതാക്കൾക്കും തുടർ പഠനത്തിനുള്ള മാർഗനിർദ്ദേശങ്ങൾ നൽകുക. ഓൺലൈൻ സൗകര്യങ്ങൾ ലഭ്യമാക്കുക. എൻട്രൻസ് പരീക്ഷ എഴുതുന്നതിനുള്ള പരിശീലനങ്ങൾ ലഭ്യമാക്കുക .

എല്ലാ ഇടവകകളിലും സ്റ്റുഡൻറ്സ് ഫോറം ആരംഭിക്കുക അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഒരു കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സെന്റർ സജ്ജമാക്കുക.

ഇടവകയിൽ വിദ്യാഭ്യാസ തൊഴിൽ സർവ്വേ നടത്തി നിജസ്ഥിതി വിലയിരുത്തുക.

എസ്.എസ്.എൽ.സി., പ്ലസ് 2 പാസ്സായ കുട്ടികളെയും അതിനുമേലുള്ളവരേയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യിപ്പിക്കുക

സഭയുടെയും ഇടവകയുടെയും കിഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. ആധുനിക സൗകര്യങ്ങൾ ഒരുക്കുക.

വിദ്യാർത്ഥികൾക്ക് എട്ടാം ക്ലാസ്സുമുതൽ തൊഴിൽ പരിശീലന അവസരങ്ങൾ സംഘടിപ്പിക്കുക

ഉയർന്ന പഠന നിലവാരം ഉറപ്പാക്കുന്നതിന് മാതൃക സ്ഥാപനങ്ങൾ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂഷൻസ് കോച്ചിങ് സെന്റർ എന്നിവ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുക. ജോലി സാധ്യതയുള്ള ഹ്രസ്വകാല കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങൾ സന്ദർശിക്കുക

TET, SET, NET, NEET, PSC എന്നീ പരീക്ഷകൾ എഴുതുവാൻ വേണ്ട സേവന സഹായങ്ങൾ ഉറപ്പാക്കുക.

അവധി കാലത്ത് തൊഴിൽ സാധ്യതയുള്ള മേഖലകളിൽ തൊഴിൽ പരിശീലന സൗകര്യങ്ങൾ ഒരുക്കുക

വൈകല്യങ്ങളുള്ള കുട്ടികൾക്ക് സർടിഫിക്കറ്റുകളും വിദ്യാഭ്യാസ സഹായങ്ങളും ലഭ്യമാക്കുക.

തൊഴിൽ മേളകൾ, റിക്രൂട്ട്മെന്റ് ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക സ്കോളർഷിപ്പുകൾ, തൊഴിലവസരങ്ങൾ, സംവരണങ്ങൾ, കോഴ്സുകൾ, സീറ്റുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും പ്രസിദ്ധീകരിക്കുകയും അറിയിക്കുകയും ചെയ്യുക.

വ്യക്തിത്വ നേതൃത്വ പാടവ വികസനത്തിനുള്ള പരിശീലന പരിപാടികളും വർക്ക്ഷോപ്പുകളും കൗൺസിലിങ് അവസരങ്ങളും ഉറപ്പുവരുത്തുക

കലാ കായിക രംഗത്തു കഴിവ് വർധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നടപ്പാക്കുക വിദ്യാർത്ഥികൾക്ക് സംസ്ഥാന ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയം നേടാൻ സഹായവും പിന്തുണയും നൽകുക

ഇത് ഒരു ദിവസം കൊണ്ടോ ഒരു ആളെ കൊണ്ടോ കുറെ ആളുകളെ കൊണ്ടോ നേടാവുന്ന ഒരു സ്വപ്നമല്ല . ഈ സ്വപ്നത്തിൽ എല്ലാവരും

പങ്കുചേരണം സഭാനേതൃത്വവും ഇടവക വികാരിമാരും, അല്മായ നേതാക്കളും ഇടവക കൂട്ടായ്മയും കുടുംബങ്ങളും കുട്ടികളും അവരവരുടെ പങ്കു വഹിക്കേണ്ടിയിരിക്കുന്നു. പദ്ധതികൾ വിഭാവനം ചെയ്യുകയും രൂപീകരിക്കുകയും ചെയ്യുകയെന്നത് ഏതൊരു സംരംഭത്തിന്റെയും ശരിയായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ് എന്നാൽ അതിനെ കർമപഥത്തിൽ കൊണ്ടുവരാനുള്ള ആത്മാർത്ഥമായ പ്രവർത്തനം എല്ലാ തലങ്ങളിൽ നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു ആധുനിക ലോകത്തിന്റെ സ്വാർത്ഥ സംസ്കാരത്തിനും നിസംഗതയ്ക്കും അടിപ്പെടുന്ന നേതൃത്വങ്ങളും അംഗങ്ങളും ഏതൊരു മഹത് ആശയത്തെയും സ്വപ്നത്തെയും തച്ചുടയ്ക്കും  ആത്മീയ രഹസ്യങ്ങളെ ഉൾകൊള്ളാനും, സാന്മാർഗിക ജീവിതം നയിക്കാനും, ശരിയായ സമ്പത്തിക വിനിയോഗത്തിനും, നല്ല നേതൃത്വങ്ങൾ രൂപപ്പെടാനും സാംസ്കാരിക അഭിവൃദ്ധിക്കും വിദ്യാഭ്യാസം കൂടിയേ തീരൂ അതിനാൽ വിദ്യാഭ്യാസ രംഗത്തെ അവഗണിക്കുന്നത് നമ്മുടെ എല്ലാ മേഘലകളിലേയും തകർച്ചയ്ക്ക് കാരണമാകും

**പദ്ധതി പ്രവർത്തന ചുമതലയും വികേന്ദ്രിയ സംവിധാനങ്ങളും**

ഇടവക വികാരിയുടെ നേതൃത്വത്തിൽ പാരിഷ് കൗൺസിലും കുടുംബകൂട്ടായ്മ ഭാരവാഹികളും ഇടവക വിദ്യാഭ്യാസ ശുശ്രുഷ സമിതിയും ചേർന്നാണ് ഈ വിദ്യാഭ്യാസ സംരംഭത്തിന് നേതൃത്വം നൽകേണ്ടത്. ഇടവകതലത്തിലും കൂട്ടായ്മ തലത്തിലും പ്രായോഗികമായി ചെയ്യാവുന്നതായ ഏതാനും പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഒരു വാർഷിക പദ്ധതി തയ്യാറാക്കി ഇടവകസമിതിയിൽ പാസാക്കുന്നത് ഉചിതമായിരിക്കും . വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് വിദ്യാഭ്യാസസമിതിയുടെ നേതൃത്വത്തിൽ ഇടവകയിലെ കഴിവും പഠിപ്പും മനസ്സും സമയവും ഉള്ള അഭ്യസ്ത വിദ്യരായവരെ ഉൾപ്പെടുത്തി ഒരു വിദ്യാഭ്യാസ ടീം രൂപീകരിക്കുന്നത് ഉത്തരവാദിത്വങ്ങൾ വികേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനും എല്ലാവരുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും സഹായിക്കും.

വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഒരു കമ്മ്യൂണിറ്റി ഡെവലപ്പ് മെൻറ് സെന്റർ സജ്ജമാക്കന്നത് ഉചിതമായിരിക്കും. സ്റ്റുഡന്റ്സ് ഫോറം രൂപീകരിച്ചു എല്ലാ  വിദ്യാർത്ഥികളുടെയും പഠനനിലവാര വിലയിരുത്തു ന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള ഉത്തരവാദിത്വങ്ങൾ ടീം അംഗങ്ങൾക്ക് ഭരമേല്പിക്കുന്നത് വ്യക്തിപരമായ പരിഗണന ലഭിക്കുന്നതിന് സഹായിക്കും .  വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ഒരു ഫണ്ട് രൂപീകരിക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്. കുട്ടികളിൽ നിന്നും സ്റ്റുഡന്റ്സ് ഫോറത്തിലേക്കുള്ള രജിസ്ട്രേഷൻ ഫീസ്, കുടുംബകൂട്ടായ്മയിൽ നിന്നും ഏതെങ്കിലും ഒരു പൊതുസമ്മേളന ത്തിന്റെ പിരിവു, മറ്റു അഭ്യുദയകാംക്ഷികളിൽ നിന്നുമുള്ള

സാമ്പത്തികസഹായം ഇങ്ങനെ ഉചിതമായ രീതികളിൽ ഫണ്ട് സ്വരൂപിക്കാവുന്നതാണ്. ഓരോ മാസത്തിലും കുടുംബ കൂട്ടായ്മയിൽ നടത്തേണ്ടതായ പ്രവർത്തനങ്ങളെക്കുറിച്ചു പൊതുവായ നിർദ്ദേശങ്ങൾ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്റർ വഴി നൽകുന്നത് ഇടവകയിൽ ഒരു ഏകികൃത സംവിധാനം ഉണ്ടാകുന്നതിനു സഹായിക്കും

## കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്റർ

ഇടവകയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉൾപ്പെടുന്ന ഒരു സജ്ജീകരണ മാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്റർ. ഇന്റർനെറ്റ് സൗകര്യ ത്തോടെയുള്ള ഒരു കംപ്യൂട്ടർ സിസ്റ്റവും വിദ്യാർത്ഥികൾക്ക് സഹായക മാകാവുന്ന ഇൻഫർമേഷനുകൾ ലഭ്യമാക്കുന്ന സംവിധാനങ്ങളും വിദ്യാഭ്യാസ തൊഴിൽ വാർത്തകൾ പ്രദർശിപ്പിക്കാൻ നോട്ടീസ് ബോർഡ് തുടങ്ങിയ സജ്ജീകരണങ്ങൾ ഇതിൽ ഉൾപ്പെടുത്താവു ന്നതാണ്. ഓരോ ഇടവകയുടെയും സ്ഥല സൗകര്യങ്ങൾ അനുസരിച്ച് ക്രമീകരണങ്ങൾ നടത്താവുന്നതാണ് അഡ്മിഷനുകൾ സ്കോളർ ഷിപ്പുകൾ ഗ്രാന്റുകൾ എന്നിവയ്ക്കായുള്ള ഓൺലൈൻ രജിസ്ട്രേഷ നുകൾ ചെയ്യുന്നതിനുള്ള സഹായം കുട്ടികൾക്ക് ഈ സെന്റർ വഴി ലഭ്യമാക്കാവുന്നതാണ്. വിദ്യാഭ്യാസ സമിതി ഭാരവാഹികളുടെ നേതൃത്വത്തിൽ കമ്പ്യൂട്ടർ കൈകാര്യം ചെയ്യാനറിവുള്ള യുവജന ങ്ങളുടെ സഹായത്തോടെ സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാ വുന്നതാണ്. ഓരോ മാസത്തിലോ ആഴ്ചകളിലോ ഉത്തരവാദിത്വങ്ങൾ ഓരോ സമിതി അംഗങ്ങൾക്ക് നിർവ ഹിക്കാവുന്നതാണ് ഇടവകയിലെ എല്ലാ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും ഓഫീസായി ഈ സെന്റർ പ്രവർത്തിക്കാവു ന്നതാണ് വിദ്യാഭ്യാസ സമിതിയുടെയും സ്റ്റുഡന്റസ് ഫോറത്തിന്റെയും രജിസ്റ്ററുകൾ, റിപ്പോർട്ടുകൾ, റഫറൻസ് ബുക്കുകൾ, മാനുവലുകൾ, മൂല്യനിർണയ ഫോമുകൾ എന്നിവയെല്ലാം ഈ ഓഫീസിൽ സൂക്ഷിക്കാവുന്നതാണ്

## സ്റ്റുഡന്റ്സ് ഫോറം

ലത്തീൻ സഭയിലെ എല്ലാ വിദ്യാർത്ഥികളുടെയും സമഗ്രവളർച്ചയെ ലക്ഷ്യം വയ്ക്കുന്ന വിദ്യാർഥികേന്ദ്രികൃത രൂപരേഖയുടെ ഫലപ്രദമായ നടത്തിപ്പിനുവേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ് സ്റ്റുഡന്റ്സ് ഫോറം ഒന്നാം ക്ലാസ്മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള ഇടവകയിലെ എല്ലാ കുട്ടികളും ഇതിൽ അംഗങ്ങളായിരിക്കും. കുടുംബകൂട്ടായ്മയുടെ ഘടനപോലെ ഇടവകയുടെ പേരുള്ള ഇടവക സ്റ്റുഡന്റ്സ് ഫോറവും ഓരോ കുടുംബകൂട്ടായ്മയ്ക്കും സ്റ്റുഡന്റസ് ഫോറം ഉണ്ടായിരിക്കും. ഏതെങ്കിലും കൂട്ടായ്മയിൽ വളരെ കുറച്ചു വിദ്യാർഥികളെയുള്ളെങ്കിൽ ഒന്ന് രണ്ടു കൂട്ടായ്മകൾ ചേർന്നു ഒരു ഫോറം രൂപീകരിക്കാവു ന്നതാണ്. സ്റ്റുഡന്റ്സ് ഫോറത്തിന്റെ ആനിമേറ്റർ അതാതു കൂട്ടായ്മ യുടെ വിദ്യാഭ്യാസ സമിതി അംഗമായിരിക്കും. ഓരോ ഫോറത്തിനും

വിദ്യാർത്ഥികളിൽ നിന്നും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ഖജാൻജി എന്നിവരെ തിരഞ്ഞെടുക്കേ ണ്ടതാണ്. മാസത്തിൽ ഒരു മീറ്റിംഗ് എങ്കിലും നടത്തേണ്ടതാണ്. മീറ്റിങ്ങിന്റെ റിപ്പോർട്ട് കുടുംബ കൂട്ടായ്മയുടെ പൊതുസമ്മേളനത്തിൽ അവതരിപ്പിക്കണം. ഓരോ മീറ്റിങ്ങിന്റെയും തിയതിയും സ്ഥലവുമെല്ലാം നടത്തുന്ന പ്രത്യേക പ്രവർത്തനവും ഭാരവാഹികൾ തീരുമാനിച്ചു ആനിമേറ്ററിനെയും ഇടവക വികാരിയെയും അറിയിക്കേണ്ടതാണ്. രണ്ടു വർഷത്തേക്കാണ് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നത്. കുട്ടികളുടെ ആത്മീയ, വിദ്യഭ്യാസ, സാംസ്കാരിക, വൈകാരിക, സാമൂഹ്യ വളർച്ചയ്ക്കുതകുന്ന വിവിധ കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കാനുള്ള ഒരു വേദിയാണ് സ്റ്റുഡന്റ്സ്ഫോറം. സ്റ്റുഡന്റ്സ് ഫോറത്തെക്കുറിച്ചും വിദ്യാർത്ഥി കേന്ദ്രികൃത വിദ്യാഭ്യാസ രൂപരേഖയെക്കുറിച്ചുമുള്ള വിശദവിവരങ്ങൾ അടങ്ങിയ രൂപരേഖ ഇടവകയിൽ രൂപത വിദ്യാഭ്യാസ കമ്മിറ്റി വഴി എത്തിക്കുന്നതായിരിക്കും

നമുക്ക് മുൻപിൽ വച്ചിരിക്കുന്ന ഒരു നല്ല ആശയമാണ് വിദ്യാർത്ഥി കേന്ദ്രികൃത വിദ്യാഭ്യാസ മാതൃക. ഒരു ദിവസം കൊണ്ട് എല്ലാം നമുക്കാവില്ല എന്നാൽ ഓരോരുത്തർ ഓരോ ചെറിയ കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ അതൊരു വൻ വിജയമായി മാറും കൂട്ടായ പ്രവർത്തനങ്ങൾ നമ്മുടെ സ്വപ്നം സാക്ഷാത്ക്കരിക്കും.

നമ്മുടെ സമുദായത്തിനു വേണ്ടി നമ്മുടെ രൂപതയ്ക്കും നമ്മുടെ മക്കൾക്കും വേണ്ടി ഈ വെല്ലുവിളി നമുക്കേറ്റെടുക്കാം . കൊച്ചു കൊച്ചു പ്രവർത്തനങ്ങൾ കൂട്ടായ്മയിലും കുടുംബങ്ങളിലും നമുക്ക് തുടങ്ങാം. സമഗ്ര വികാസം നേടിയ വിജയപുരം രൂപതയെന്ന സ്വപ്നത്തിനു നമ്മുടെ ജീവിതം കൊണ്ട് നിറം പകരാം

*സിസ്റ്റർ ജെനിൻ സി.എസ്.എസ്.ടി*

---

## പരേതരെ സ്മരിക്കാം – ജൂൺ

| | |
|---|---|
| 02. (1993) | Fr. Luis Mary OCD |
| 03. (1995) | Fr. Francis Kuruthukulam |
| 17. (1982) | Fr. Peter Kuttamparambil (Sr.) |
| 17. (2000) | Fr. Sebastian Mundancherry OCD |
| 17. (2000) | Fr. Antony Koduveliparambil OCD |
| 20. (1984) | Fr. Pius Mary OCD |
| 25. (1993) | Fr. Eugine OCD |

# ബിസിസി: മൊഡ്യൂൾ പരിശീലനങ്ങളിലൂടെ

**ആഗ്നസ് ലോബോ**, മേരിമൗണ്ട് ചർച്ച്, ചങ്ങനാശ്ശേരി

**ഒ**രേ ഹൃദയവും ഒരേ മനസ്സുമായി ജീവിച്ച ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് ദൈവവചനാനുഭവത്തിന്റെ വെളിച്ചത്തിൽ ചെറുഗണങ്ങളായി പ്രാർത്ഥനയിലും പങ്കുവയ്ക്കലിലും സാർവ്വത്രിക സഭയുമായുള്ള കൂട്ടായ്മയിൽ വിശ്വാസജീവിതം നയിക്കുന്ന അയൽപക്ക കൂട്ടായ്മയാണ് അടിസ്ഥാന ക്രൈസ്തവ സമൂഹം (Basic Christian Community - BCC) മനുഷ്യരെ സ്നേഹത്തിലും ഒരുമയിലും വഴിനടത്താനും ദൈവരാജ്യത്തിലേക്ക് ആനയിക്കാനും ബിസിസിയിലൂടെ സാധ്യമാകുന്നു.

കേരള ലത്തീൻ സഭയെ ഒരേ വീക്ഷണവും സംവിധാനവുമുള്ള പങ്കാളിത്തസഭയാക്കുന്നതിനുവേണ്ടി എല്ലാ പ്രവർത്തനങ്ങളും സഭയുടെ അടിസ്ഥാനഘടകമായ ബിസിസികളിൽ എത്തുന്ന രീതിയിൽ, സഭയിലെ എല്ലാ ശുശ്രൂഷാ പ്രവർത്തനങ്ങളും ആറുശുശ്രൂഷമേഖലകളായി തിരിച്ചു കൊണ്ട് ഏകോപിപ്പിച്ച് പ്രവർത്തിക്കുന്ന സംവിധാനമാണുള്ളത്. ഇപ്രകാരം ബിസിസികൾ ശക്തിപ്പെടുത്തുവാനുതകുന്ന പരിശീലനപരിപാടികൾക്ക് കെ.ആർ.എൽ.സി.സി.യുടെ ആഭിമുഖ്യത്തിൽ നേതൃത്വം നൽകിവരുന്നു.

ബി.സി.സികൾ കേരളതലത്തിൽ 2018 കൊയ്നോണിയ വർഷമായി ആചരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ രൂപതകളിലെ റിസോഴ്സ് ടീം അംഗങ്ങൾക്കായി രണ്ട് മൊഡ്യൂളുകളിലായി പരിശീലനവും നൽകി. ഈ രണ്ട് മൊഡ്യൂളുകളിൽ ഒന്നാമത്തേതിൽ, സഭയുടെ നവീനതകളെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ട് വിവിധ വീക്ഷണങ്ങളിലൂടെ തിരുസഭയുടെ ദൗത്യത്തെക്കുറിച്ച് സ്പഷ്ടത നൽകി. രണ്ടാം മൊഡ്യൂളിൽ ബിസിസിയുടെ വളർച്ച പ്രാപിക്കാൻ കരുത്തേകുന്ന വിഷയങ്ങളാണ് പഠനവിധേയമാക്കിയത്. പ്രവർത്തനങ്ങളിലൂടെ നേട്ടം കൊയ്തെടുക്കാനാവുന്നവ. വിദ്യാഭ്യാസ മുന്നേറ്റത്തിലൂടെയുള്ള സഭയുടെ വളർച്ച കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ഇവയെക്കുറിച്ച് വ്യക്തമായ ബോധ്യം വിദ്യാർത്ഥികളിൽ രൂപപ്പെടുത്തുന്നതിന് ബിസിസികൾ വേദിയാവണം. ഇതോടൊപ്പം ക്രിസ്തീയനേതൃത്വത്തിന്റെ സവിശേഷതകൾ മുറുകെപ്പിടിക്കുന്ന ആധിപത്യേതര നേതൃത്വം പരിശീലിക്കണം. സമുദായത്തെ ശാക്തീകരിക്കുന്ന രാഷ്ട്രീയമുന്നേറ്റങ്ങളിൽ, അർഹമായവ നേടിയെടുക്കുന്നതിൽ നമ്മുടെ ഓരോരുത്തരുടെയും പങ്കാളിത്തമുണ്ടാകണം. പുത്തനൊരുണർവിനു ഓരോ ബിസിസിയും സജ്ജമാകണം. ഒന്നാം മൊഡ്യൂളിൽ നേടിയെടുത്ത അറിവുകളുടെ പ്രാവർത്തികതലമാണ് രണ്ടാം മൊഡ്യൂൾ.

ബിസിസി 3-ാം മൊഡ്യൂൾ പരിശീലനത്തിന് 2019 മെയ് 10,11 തീയതികളിൽ എറണാകുളം ആശിർഭവൻ വേദിയായി. പ്രസ്തുത പരിശീ

ലനപരിപാടിയിൽ വിജയപുരം രൂപതാ ബിസിസി ഡയറക്ടർ മോൺ. ഡോ. ജോസ് നവസിനൊപ്പം രൂപതാ ബിസിസി റിസോഴ്സ് ടീം അംഗങ്ങളും പങ്കെടുത്തു.

ബിസിസികളിൽ 2019 'കെറിഗ്മ' വർഷമായി ആചരിക്കുന്നു. അതിനോടനുബന്ധിച്ചാണ് മൂന്നാം മൊഡ്യൂൾ പരിശീലനപരിപാടി സംഘടിപ്പിച്ചത്. ഈ മൊഡ്യൂളിൽ മൂന്നുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്തു. ഒന്നാമതായി സഭാവളർച്ചയുടെ 5 ഘട്ടങ്ങൾ പഠിച്ചുകൊണ്ടു ബിസിസി ദർശനം കൂടുതൽ ആഴപ്പെടുത്തുവാൻ പരിശ്രമിക്കുന്നു. രണ്ടാമതായി ബിസിസികളെ കാര്യക്ഷമമായി എങ്ങനെ മാനേജ് ചെയ്ത മുന്നോട്ടു കൊണ്ടുപോകാം എന്ന് ചർച്ച ചെയ്യുന്നു.

ചെറിയ ഗ്രൂപ്പുകൾ മാനേജ് ചെയ്യുന്നതിനു സഹായകമായ തത്ത്വങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും ഇതിൽപ്പെടുന്നു. മൂന്നാമത്തെ വിഷയമായി ഈ മൊഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ബിസിസികളുടെ പ്രവാചക ദൗത്യം എന്ന വിഷയമാണ്. രൂപതയിലെ സാമൂഹ്യശുശ്രൂഷാ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തിവേണം ഇതിനനുബന്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ.

ബിസിസി മൊഡ്യൂൾ പരിശീലനങ്ങളിലൂടെ ലഭിച്ച അറിവുകൾ സഭയുടെ ചെറുപതിപ്പുകൾ തന്നെയായ ബിസിസികളിലേക്ക് രൂപതാ ഫൊറോന, ഇടവക തലങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ട് പകർന്നു നൽകേണ്ടിയിരിക്കുന്നു. ഇങ്ങനെ ബിസിസികളുടെ വളർച്ചയ്ക്കു കരുത്തേകുന്ന പ്രവർത്തനങ്ങൾ വഴി അൽമായർ ഏവരും വെറും കാണികളും സ്വീകർത്താക്കളും എന്ന രീതിയിലുള്ള നിഷ്ക്രിയത്വ നിലപാടു വെടിഞ്ഞ് തിരുസഭയുടെ നേതൃത്വത്തിൽ കീഴിൽ ദൈവസ്നേഹം നുകർന്നും ക്രിസ്തുശിഷ്യത്വത്തിൽ വളർന്നും പരിശുദ്ധാത്മാവിനാൽ നവീകരിക്കപ്പെട്ടും നേതൃവാസനകളും കഴിവുകളും വളർത്തിയും സാദ്ധ്യതകളും അവസരങ്ങളും തിരിച്ചറിഞ്ഞും കുടുംബത്തിലും സഭയിലും സമൂഹത്തിലും സജീവശുശ്രൂഷകരും ദൈവരാജ്യപ്രവർത്തകരുമായി മാറേണ്ടിയിരിക്കുന്നു. അങ്ങനെ കൂട്ടായ്മകളുടെ കൂട്ടായ്മയായി നമുക്കു വളരാം...






ശ്രീലങ്കയിൽ ആക്രമിക്കപ്പെട്ടവർക്കായി നടത്തിയ പ്രാർത്ഥനാ ശുശ്രൂഷ

# വിദ്യാഭ്യാസം: വിജയപുരം രൂപതയുടെ സമഗ്ര വളർച്ചയ്ക്ക്

ഫാ. പോൾ ഡെന്നി രാമച്ചംകുടി

ആധുനിക വിദ്യാഭ്യാസ പരീക്ഷണ ശാലയിലേക്ക് ഭാരമേറിയ ഭാണ്ഡവും മുതുകിൽ പേറി കിതച്ചു നീങ്ങുന്ന വിദ്യാർത്ഥി സമൂഹം മലയാള നാടിന് ഇന്ന് ഒരു ദൈനംദിന കാഴ്ചമാത്രമാണ്. രാവിലെ എട്ടുമണിക്ക് ആരംഭിക്കുന്ന അധ്വാനം സായാഹ്നം നാലുമണിവരെ നീളുന്നു. ഒടുവിൽ ഒരു ദിവസത്തെ ഗൃഹപാഠ ചോദ്യങ്ങളുമായി ഇവർ വീടുകളിലേക്ക് മടങ്ങുന്നു. വീട്ടുജോലികളിൽ മുഴങ്ങുന്ന അമ്മയ്ക്കും ഉദ്യോഗത്തിന്റെ കാഠിന്യത്തിൽ തളർന്ന് വിശ്രമിക്കുന്ന അച്ഛനും കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതി കണ്ടറിയാൻ കഴിയുന്നത് വർഷത്തിൽ 2 പ്രാവശ്യമോ, താളുകളിൽ അച്ചടിക്കപ്പെട്ട പ്രോഗ്രസ് കാർഡുകളിലോ ചടങ്ങുപോലെ വിദ്യാലയങ്ങളിൽ കൊണ്ടാടുന്ന അധ്യാപക-രക്ഷകർത്തൃയോഗങ്ങളിലോ മാത്രമാണ്.

വിദ്യാഭ്യാസം ഒരു വ്യക്തിയുടെ മാനസികവും സാമൂഹികവും ഭൗതീകവും ആത്മീയവുമായ ഉന്നമനം ലക്ഷ്യം വച്ചുള്ളതാകണമെന്ന് നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജി അഭിപ്രായപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ ചിന്തകളുടേയും മഹാത്മരുടേയും സമാനമായ ചിന്തകൾക്ക് വിപരീതമായി മെഡിക്കൽ എഞ്ചിനീയറിംഗ് യോഗ്യതാ പരീക്ഷകളിൽ കടന്നുകൂടുവാനുള്ള തീവ്രപരിശീലനമായി വിദ്യാഭ്യാസത്തെ വീക്ഷിക്കുന്നവരാണ് ഭൂരിഭാഗം മാതാപിതാക്കളും. സാമൂഹിക നീതിക്കും, ധാർമ്മിക മൂല്യങ്ങൾക്കും വിദ്യാഭ്യാസ സമ്പ്രദായത്തിൽ സ്ഥാനം നിഷേധമാണ്. നൂറിന്റെ മുകളിൽ അധ്യാപകൻ എഴുതുന്ന അക്കങ്ങൾക്കു വേണ്ടിയുള്ള മത്സരമായി വിദ്യാഭ്യാസം തരംതാഴ്ന്നിരിക്കുന്നു. A മുതൽ D വരെ നീളുന്ന ഗ്രേഡുകൾ നിരത്തി വിദ്യാർത്ഥികളുടെ ഭാവി നിയന്ത്രിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം കാലത്തിന്റെ മാറ്റമനുസരിച്ച് തിരുത്തലുകൾ വരുത്തേണ്ട ഈ സാഹചര്യത്തിലാണ് വിദ്യാഭ്യാസം രൂപതയുടെ സമഗ്രവളർച്ചയ്ക്ക് എന്ന വിഷയം പ്രസക്തമാകുന്നത്.

വിജയപുരം രൂപത നിലവിൽ വന്നനാൾ മുതൽ രൂപതാമക്കൾക്ക് വിദ്യാഭ്യാസം നല്കുന്നതിൽ വ്യക്തമായ ഒരു നയം രൂപതയ്ക്കുണ്ടായിരുന്നു. പള്ളിയോട് ചേർന്ന് പള്ളിക്കൂടം എന്ന ആശയം സ്പാനിഷ് കർമ്മലീത്താ മിഷണറിമാർ രൂപതയിൽ സേവനം ചെയ്തനാൾ മുതൽ അനുവർത്തിച്ചുപോന്ന പ്രേഷിത ശൈലിയായിരുന്നു. തുടർന്നുവന്ന തദ്ദേശീയ വൈദീകരും അവരുടെ പാത പിൻ തുടർന്നു. പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ സ്വതന്ത്രമായാണ് പ്രവർത്തിച്ചിരുന്നത്. എന്നാൽ 1965-ൽ കേരള മുഖ്യമന്ത്രി പനമ്പള്ളി ഗോവിന്ദമേനോന്റെ

വിദ്യാഭ്യാസ പരിഷ്കാകാരത്തെ തുടർന്ന് 1966–ൽ രൂപതയിലെ സ്കൂളുകളെല്ലാം രൂപതാദ്ധ്യക്ഷന്റെ നേരിട്ടുള്ള മാനേജുമെന്റിൽ ഏറ്റെടുക്കുകയും വിജയപുരം കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി ഗവൺമെന്റ് അംഗീകാരത്തോടെ നിലവിൽ വരികയും ചെയ്തു. 1966 ഒക്ടോബർ മാസം 1–ാം തീയതി ഈ ഏജൻസിയുടെ ഭരണഘടന അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

വിജയപുരം രൂപതയുടെ ആസ്ഥാനം നിലകൊള്ളുന്നത് കേരളത്തിന്റെ അക്ഷര നഗരിയായ ഏറ്റവും കൂടുതൽ പ്രസാദകരുള്ള കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്താണ്. ഇക്കാരണത്താൽത്തന്നെ കോട്ടയം പട്ടണത്തിന്റെ വിദ്യാഭ്യാസ സംസ്കാരവും സാമൂഹിക സാംസ്കാരിക ഔന്നത്യവും രൂപതയുടെ വിദ്യാഭ്യാസ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. 1888–ൽ മലയാള മനോരമ പത്രം ആദ്യമായി അച്ചടിച്ച് പുറത്തിറങ്ങുമ്പോൾ അതിന്റെ എഡിറ്റോറിയലിൽ പാവപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും വിദ്യാഭ്യാസം നല്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. പിന്നീട് വന്ന നസ്രാണി ദീപികയും ഇതേ കാര്യ തന്നെ മുന്നോട്ടുവച്ച്. എന്നാൽ ഈ ആശയങ്ങൾ ഉരുവാകുന്നതിന് നാളുകൾക്ക് മുൻപു തന്നെ വരാപ്പുഴ അതിരൂപതാ മെത്രാൻ അഭിവന്ദ്യ ബെർനഡിൻ ബച്ചിനല്ലി പിതാവ് 1864–ൽ തന്റെ ഇടയലേഖനത്തിലൂടെ പള്ളിക്കൊപ്പം പള്ളിക്കൂടം എന്ന ആശയം മുന്നോട്ടു വച്ചു. അങ്ങനെയാണ് തീണ്ടലും തൊടീലും നിലനിന്നിരുന്ന കാലം മുതൽ എല്ലാ ജന വിഭാഗങ്ങൾക്കും വിദ്യാഭ്യാസം സാധ്യമായത്. വിജയപുരം രൂപതയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എല്ലാ മതസ്ഥരും സാഹോദര്യത്തോടെ വിദ്യ അഭ്യസിച്ചു. മാധവനും, മത്തായിയും, മുഹമ്മദും ഒരുമിച്ചു ഒരു ബഞ്ചിലിരുന്ന് പഠിച്ചു. അങ്ങനെ രൂപതയുടെ വിദ്യാഭ്യാസ സംസ്കാരം രൂപം കൊള്ളുകളും 5 ജില്ലകളിൽ പടർന്നുകിടക്കുന്ന ജനതയുടെ ഉയർച്ചയ്ക്കും വളർച്ചയ്ക്കും സാമൂഹിക സാംസ്കാരിക വളർച്ചയ്ക്കും കാരണമാവുകയും ചെയ്തു.

നാളിതുവരെയുള്ള രൂപതയും ചരിത്രം പരിശോധിക്കുമ്പോൾ വിദ്യാഭ്യാസരംഗത്ത് കാലോചിതമായ മാറ്റങ്ങൾ വരുത്തി മുന്നേറുന്നതിൽ വിജയപുരം രൂപത വിജയിച്ചിട്ടുണ്ട് എന്നത് തർക്കമില്ലാത്ത വിഷയമാണ്. ഈ സാഹചര്യത്തിൽ 21–ാം നൂറ്റാണ്ടിലെ നൂതന വിദ്യാഭ്യാസ പരിഷ്കാരങ്ങളെ നാം മനസ്സിലാക്കുകയും നടപ്പിലാക്കുകയും ചെയ്താൽ മാത്രമാണ് വിദ്യാഭ്യാസത്തിലൂടെ രൂപതയുടെ സമഗ്രവളർച്ച എന്ന നമ്മുടെ സ്വപ്നം കരഗതമാവുകയുള്ളൂ.

കാലഘട്ടം പരിഗണിക്കുമ്പോൾ നാം 21–ാം നൂറ്റാണ്ടിലാണ് ജീവിക്കുന്നതെങ്കിലും ഇന്ന് പല വിദ്യാഭ്യാസ സംവിധാനങ്ങളും ഇരുപതാം നൂറ്റാണ്ടിലേതാണ് എന്ന് തോന്നിപ്പോകും. 20–ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസം സിലബസിനെ അടിസ്ഥാനമാക്കിയുള്ളതാണ്. എന്നാൽ 21–ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസം സിലബിസുപകരം പ്രോജക്ട് (പദ്ധതി) അധിഷ്ഠിതമാണ്. സ്കൂളുകളിൽ പ്രോജക്ട് വർഷത്തിൽ ഒരിക്കൽ മാത്രം ചെയ്യുന്ന ഒരു കാര്യമാണെങ്കിൽ ഇന്ന് വിദ്യാഭ്യാസം മുഴുവൻ

ആസൂത്രിത പദ്ധതിയുടെ അടിസ്ഥാനത്തിലാണ്. 20-ാം നൂറ്റാണ്ടിലെ വിദ്യാഭ്യാസം അധ്യാപകരെ കേന്ദ്രീകരിച്ചായിരുന്നു. എന്നാൽ ഇപ്പോൾ വിദ്യാർത്ഥീകേന്ദ്രീകൃത വിദ്യാഭ്യാസം ആണ് കൂടുതൽ ഫലപ്രദവും പ്രയോജനവും നല്കുന്നത് എന്ന് വിദഗ്ദർ പറയുന്നു. അധ്യാപകൻ ക്ലാസിൽ വന്ന് ബോർഡിൽ എഴുതി പഠിപ്പിക്കുന്നു. ഇതിലൂടെ 10% മാത്ര മാണ് ഒരു കുട്ടിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. രണ്ടാം തലത്തിലേക്ക് വരുമ്പോൾ പഠിക്കേണ്ട കാര്യങ്ങളെ വസ്തുതകളെ കാണിച്ച് കൊടു ത്തും, വീഡിയോ കാണിച്ചും പഠിപ്പിക്കുന്നു. ഇതിലൂടെ 30% മാത്രമാണ് കുട്ടിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ പഠന പ്രക്രീയയിൽ കുട്ടിയേക്കൂടി ഉൾപ്പെടുത്തി തൊട്ടറിഞ്ഞ് അനുഭവതലത്തിലേക്ക് കൊണ്ടുവരുമ്പോൾ ഈ മാർഗ്ഗത്തിലൂടെ (Kainesthetic Method) 80% കുട്ടിക്ക് കാര്യങ്ങൾ വ്യക്തമാകുന്നു. (Learning by doing) 21-ാം നൂറ്റാ ണ്ടിലെ ഈ മാതൃക ലോകത്തിലെ പല വികസിത രാജ്യങ്ങളിലും ഉപ യോഗിച്ചു പോരുന്നതാണ്. ഈ സാഹചര്യത്തിൽ കാലങ്ങളുടെ ചുവ രെഴുത്ത് മനസ്സിലാക്കി വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റ ങ്ങൾ വരുത്തി മുന്നേറിയാൽ മാത്രമാണ് വിദ്യാഭ്യാസത്തിലൂടെ വിജ യപുരം രൂപതാമക്കൾക്ക് സമഗ്രമായ വളർച്ച സാധ്യമാവുകയുള്ളു. അങ്ങനെ ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരീക്ഷണശാലക ളാകാതെ മികവിന്റെ ഇടങ്ങളായി മാറുവാൻ അരുവാചകരായ നാം ഒരേ മനസ്സോടെ പ്രാർത്ഥനയോടെ മുന്നേറണം.

---




**ജൂൺ**

## ജന്മദിനാശംസകൾ

03 Fr.Varghese Kottakkattu
04 Fr.Peter Palackal
06 Fr.Joseph Poovathukad
10 Fr.Peter Nelson
14. Fr.Alphonse Chackalackal
16 Fr.Augustine Kallarackal
17 Fr. Victor Georget Major
19 Fr.Justin Pinheiro
21 Fr.Emmanuel Chemparayil
25 Fr.George Puthenparambil
25 Fr.Joseph Kanappilly
28 Fr.Thomas Pazhuvakkattil
30 Fr.Johnson Ottathengunkal

# വിമലഹൃദയപുത്രിമാർ ജൂബിലി നിറവിൽ



കോട്ടയം: വിജയപുരം രൂപതാ കോൺഗ്രിഗേഷനായ വിമലഹൃദയ പുത്രിമാർ (DIH) എന്ന സന്ന്യാസിനീ സഭയുടെ രജതജൂബിലിയും, സി. മേരി ടെസ്സ, സി മേരി റ്റീന, സി. മേരി ജോൺസി എന്നീ സഹോദരിമാരുടെ നിത്യവ്രതവാഗ്ദാനവും, സി. മേരി ലെറ്റീഷ്യ, സി. മേരി വിൻസെന്റ്, സി. മേരി ലുദ്വീന, സി. മേരി ജോർജ്ജിയ എന്നീ സഹോദരിമാരുടെ വ്രതവാഗ്ദാന സുവർണ്ണജൂബിലിയും 2019 മെയ് 9-ാം തീയതി 3 മണിക്ക് വിമലഗിരി കത്തീഡ്രലിൽ വച്ച് സംയുക്തമായി ആഘോഷിച്ചു. വിജയപുരം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിച്ച കൃതജ്ഞതാബലിയിൽ വിമലഹൃദയപുത്രിമാരോടൊപ്പം ബഹുമാനപ്പെട്ട വൈദികരും സന്ന്യസ്തരും അല്മായ സഹോദരരും ഒന്നുചേർന്ന് ദൈവത്തിന് നന്ദിയർപ്പിച്ചു.

# ഹോളി ഏഞ്ചൽസ് ഫെസ്റ്റ് – 2019



ഈ വർഷം വിജയപുരം രൂപതയിലെ വിവിധ ഇടവകകളിൽ പ്രഥമ ദിവ്യകാരുണ്യം സ്വീകരിച്ചവരുടെ സംഗമം "ഹോളി ഏഞ്ചൽസ് ഫെസ്റ്റ്" വിമലഗിരി കത്തീഡ്രലിൽ നടത്തി. 760 കുട്ടികൾ പങ്കെടുത്ത സംഗമത്തിൽ ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ബലിയർപ്പിച്ചു സന്ദേശം നൽകി. വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ, ബ്രദേഴ്സ്, ബഹു DIH സിസ്റ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. സ്നേഹവിരുന്നോടെ സംഗമം പര്യവസാനിച്ചു.

# ഇടവക വാർത്തകൾ

## മുണ്ടക്കയം സെന്റ് മേരീസ് – ശതാബ്ദി വാർത്തകൾ



മുണ്ടക്കയം സെന്റ് മേരീസ് ദൈവാലയത്തിലെ KLCWA യുടെ നേതൃത്വത്തിൽ മുണ്ടക്കയത്തു പ്രവർത്തിക്കുന്ന നാല് അഗതിമന്ദിരങ്ങളിൽ ഉച്ചഭക്ഷണം വിതരണം ചെയ്തു. വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിലച്ചന്റ അനുഗ്രഹങ്ങളോടെ KLCWA ഇടവക പ്രസിഡന്റ് ശ്രീമതി സൂസമ്മ വർഗീസിന്റെ നേതൃത്വത്തിൽ വിവിധ ഭവനങ്ങളിൽ നിന്നും ശേഖരിച്ച പൊതിച്ചോറുകളാണ് വിതരണം ചെയ്തത്. KLCWA യിലെ എല്ലാ അംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കുകയും എല്ലാ വെള്ളിയാഴ്ചകളിലും തുടർന്നും ഭക്ഷണ പൊതി വിതരണം നടത്താമെന്നും തീരുമാനിച്ചു.




മുണ്ടക്കയം സെന്റ് മേരീസ് ഇടവകയിലെ ശതാബ്ദി സ്മാരക കവാടത്തിന്റെ വെഞ്ചരിപ്പ് കർമ്മം മെയ് 2 തീയതി രൂപതാദ്ധ്യക്ഷൻ അഭി.സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവു നിർവഹിച്ചു. വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിൽ, ഫാ.അജിത്ത് കണിയന്തറ, ഫാ. ജിൻസൻ തോമസ് മറ്റുപ്പിള്ളിയിൽ എന്നിവർ കർമ്മങ്ങൾക്ക് നേതൃത്യം നൽകി.

# അഭിനന്ദനങ്ങൾ



2018–19 വർഷത്തിൽ സി. ബി. എ സ് . സി. പത്താം ക്ലാസ് പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്ക് A 1 നേടിയ ആഷിഖ് ജെയിംസിന് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു. എലിക്കുളം ലിറ്റിൽ ഫ്ളവർ ഇടവകാംഗമാണ്. ഹാർദ്ദവമായ അഭിവനന്ദനങ്ങൾ.



2019–ൽ നടന്ന എസ്. എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ നേടിയ ജോയൽ ആന്റോ ജയിംസ് കുമളി ലൂർദ്ദ് പള്ളി ഇടവകാംഗവും കുരിശുവീട്ടിൽ കെ.എസ്. ജയിംസിന്റെയും സുജ ജയിംസിന്റെയും മകനാണ്.



2019–ൽ നടന്ന എസ്. എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും A+ കരസ്ഥമാക്കിയ മരിയ ജോൺസണ് അഭിനന്ദനങ്ങൾ. വിമലഹൃദയ ദൈവാലയം, കുട്ടിക്കാനം.



വിശുദ്ധ അന്തോണിസിന്റെ തിരുശേഷിപ്പ് തീർത്ഥാടന കേന്ദ്രത്തിൽ നടന്ന നൊവേന തിരുനാൾ സമാപനദിവസം അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് ദിവ്യകാരുണ്യ ആശിർവാദം നൽകുന്നു



മുണ്ടക്കയം മേഖലയിലുള്ള ഇടവകകളിലെ KLCA യെ പ്രതിനിധികളുടെ സംഗമം മുണ്ടക്കയം സെന്റ് മേരീസ് ദൈവാലയത്തിൽ നടത്തി. മുണ്ടക്കയം ഫൊറോന വികാരി മോൺ. ഹെൻറി കൊച്ചുപറമ്പിലച്ചന്റെ സന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ മുണ്ടക്കയം യൂണിറ്റ് പ്രസിഡന്റ് ശ്രീ. റെജി ചാക്കോ അന്ധ്യക്ഷത വഹിക്കുകയും രൂപതാ പ്രസിഡന്റ് ശ്രീ. ജോസഫ് സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണവും നടത്തി. രൂപതാ വൈസ് പ്രസിഡന്റ് കെ.ജെ. സേവ്യർ ആശംസകൾ അറിയിച്ചു. മേഖല പ്രസിഡന്റായി ശ്രീ. ഷിജു പി. കോശിയെയും വൈസ് പ്രസിഡന്റായി ശ്രീമതി സൂസമ്മ വർഗീസിനെയും സെക്രട്ടറിയായി ശ്രീ. രാജേഷിനും ജോ. സെക്രട്ടറിയായി ശ്രീമതി ഫ്ലോറി ആന്റണിയെയും ട്രഷററായി ശ്രീ. ജേക്കബിനെയും പുതിയ ഭാരവാഹികളായി തിരഞ്ഞെടുത്തു.



KLCA സംസ്ഥാന ക്യാമ്പിൽ പങ്കെടുക്കാൻ വന്ന മറ്റു രൂപത ഭാരവാഹികൾ



K L C A സംസ്ഥാന നേതൃത്വ ക്യാമ്പ് മൂന്നാറിൽ വെച്ച് ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി ശ്രീ. എം.എം. മണി ഉദ്ഘാടനം ചെയ്യുന്നു.


സ്ഥൈര്യലേപനം - ഗുഡാർവിള


സ്ഥൈര്യലേപനം - കുമളി


സ്ഥൈര്യലേപനം - പട്ടിത്താനം


സ്ഥൈര്യലേപനം - പള്ളിവാസൽ


കുറുമുള്ളൂർ ആദ്യകുർബ്ബാന സ്വീരകണം

## വിശ്വാസ അനുഭവവാരസമാപനം, സൺഡേസ്കൂൾ– വാർഷികം

# ലിറ്റിൽ ഫ്ളവർ ദൈവാലയം എലിക്കുളം



വിശ്വാസ അനുഭവവാരസമാപനവും സൺഡേ സ്കൂൾ വാർഷികവും 6–4–19 ശനിയാഴ്ച നടത്തി. വാർഷിക സമ്മേളനം ഫാ. ഗ്രിഗറി കൂട്ടുമ്മേൽ ഉദ്ഘാടനം ചെയ്തു. ഇടവക കൂട്ടായ്മ എല്ലാവർക്കും സ്നേഹ വിരന്ന് നൽകി. കുട്ടികളുടെ വിവിധ കലാപരിപാടികളും നടത്തപ്പെട്ടു.

## ഇടവകദിനാഘോഷം 2019 – സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ



കുറുമുള്ളൂർ സെന്റ് മേരീസ് ഇടവകയിൽ ഇടവകദിനാഘോഷവും കുട്ടികളുടെ ആദ്യകുർബാന സ്വീകരണവും മാതൃദിനവും ആചരിച്ചു. ദിവ്യബലിയിൽ രൂപതാവികാരി ജനറാൾ വെരി. റവ. മോൺ ജസ്റ്റിൻ മഠത്തിപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

പൊതുസമ്മേളനം ഇടവക വികാരിയുടെ അദ്ധ്യക്ഷതിയിൽ ചേർന്നു. വിജയപുരം രൂപതാ മിനിസ്ട്രി കോർഡിനേറ്ററായ റവ.ഫാ. വർഗീസ് കോട്ടയ്ക്കാട്ട് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. തുടർന്ന് മാഞ്ഞൂർ ഗ്രാമ പഞ്ചായത്തിലെ മികച്ച കർഷകനുള്ള അവാർഡ് ലഭിച്ച ശ്രീ. ഔസേഫ് കീരിക്കാട്ടുമുകളേൽ, 70 വയസിന് മുകളിൽ പ്രായമുള്ള ശ്രീമതി ചിന്നമ്മ ഔസേപ്പ് എന്നിവരെ പൊന്നാട നൽകി ആദരിച്ചു. തുടർന്ന് കുട്ടികളുടെ വിവിധ കലാപരിപാടികൾ നടത്തി.

# Santha Maria Adolarata- IInd 2019
## ബൈബിൾ ക്വിസ് മത്സരം



കുറുമുള്ളൂർ ഇടവകയിൽ "Santha maria Adolarata- IInd 2019" ബൈബിൾ ക്വിസ് മത്സരം നടത്തി. 7 കൂട്ടായ്മകളിൽ നിന്നും മൂന്നുപേരടങ്ങുന്ന ടീമുകൾ പങ്കെടുത്തു. മത്സരത്തിൽ നിത്യസഹായമാതാ കൂട്ടായ്മ ഒന്നാം സ്ഥാനവും, വിമലാംബിക കൂട്ടായ്മ രണ്ടാം സ്ഥാനവും വ്യാകുലമാതാ കൂട്ടായ്മ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

---



രജതജൂബിലി ആഘോഷിച്ച സി.മേരി R F TS ചീന്തലാർ ഇടവകാംഗം



ദൈവവിളി ക്യാമ്പിൽ അഭിവന്ദ്യ പിതാവ് സംസാരിക്കുന്നു.

# ലീജിയൻ ഓഫ് മേരി – വനവാതുക്കര

ലീജിയൻ ഓഫ് മേരി സംഘടനയുടെ വനവാതൂക്കര "കരുണയുടെ മാതാ" പ്രസീദിയത്തിന്റെ ആഭിമുഖ്യത്തിൽ "അച്ചിയസ് യോഗം" സംഘടിപ്പിച്ചു. പരിശുദ്ധ മാതാവിന്റെ ഗാനമാലപിച്ച് ജപമാലയർപ്പിച്ച തിനുശേഷം ഓരോരുത്തരായി കടന്നുവന്ന് മാതാവിന്റെ തിരുസ്വരൂപ ത്തിന്റെ മുമ്പിൽ സൈനിക പ്രതിജ്ഞ ചൊല്ലി. തുടർന്ന് വിശുദ്ധഗ്രന്ഥ വായനക്കുശേഷം "ആച്ചിയസ്" യോഗം ആരംഭിച്ചു.

വൈശ്യംഭാഗം, പൂവം, വനവാതൂക്കര എന്നീ പ്രസിദീയങ്ങളിലെ അംഗങ്ങൾ പങ്കെടുത്ത യോഗത്തിന് 'കരുണയുടെ മാതാ' പ്രസീദിയം സെക്രട്ടറി സ്വാഗതമാശംസിച്ചു. തുടർന്ന് സംഘടനയുടെ രൂപതാ ഡയ റക്ടർ ബഹു. ജോർജ്ജ് ജോൺ മേരി മംഗലം അച്ചൻ മുഖ്യപ്രഭാഷണം നടത്തി. മരിയൻ സൈനികരുടെ ആത്മവിശുദ്ധീകരണം എപ്രകാരം സാധ്യമാക്കാം എന്ന് അച്ചൻ വിശദീകരിച്ചു. മരിയഭക്തിയിൽ ജ്വലിക്ക ണമെന്നും പരിശുദ്ധ അമ്മയെപ്പോലെ ദൈവഹിതം നിറവേറ്റുന്നവരാ യിത്തീർന്ന്, ഈശോയെ അനുഭവിക്കുവാൻ യത്നിക്കണമെന്നും അച്ചൻ ഉദ്ബോധനം നൽകി. സൈനിക അംഗങ്ങളെല്ലാവരും പരിശുദ്ധ മാതാ വിനെ അനുകരിച്ച് വിധേയത്വമുള്ളവരായി വളരണമെന്ന് ഓർമ്മിപ്പി ച്ചുകൊണ്ട് ബഹു. ഡയറക്ടറച്ചൻ തന്റെ പ്രഭാഷണം അവസാനിപ്പിച്ചു.

യോഗം ഉദ്ഘാടനം ചെയ്ത ഇടവക വികാരി റവ.ഫാ. മാത്യു വെങ്ങല്ലൂർ എല്ലാ സൗഭാഗ്യങ്ങളുടെയും നന്മകളുടെയും ഉറവിടം മാതാ വാണെന്നും, അവളാണ് നമുക്കെല്ലാവർക്കും ദൈവസന്നിധിയിൽ എത്തുവാനുള്ള കുറുക്കുവഴിയെന്നും മരിയൻ സൈനികരെ ഓർമ്മപ്പെ ടുത്തി. റവ.സി. റോസ് മേരി ഇടവക ആനിമേറ്റർ സി. അന്നമ്മ പീറ്റർ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. തിരുവല്ല മേഖലയിലെ എല്ലാ അംഗങ്ങൾക്കുമായി ഒരു ഏകദിന ധ്യാനം മെയ് മാസത്തിൽ നടത്തണമെന്ന് യോഗം അഭിപ്രായപ്പെട്ടു. സി. ലില്ലിക്കുട്ടി ഔദ്യോഗി കമായി കൃതജ്ഞതയർപ്പിച്ചതിനുശേഷം സമാപന പ്രാർത്ഥയോടെയും ആശീർവ്വാദത്തോടെയും യോഗം പര്യവസാനിച്ചു.

---

## മതബോധനരംഗം

ജൂൺ 8. മേഖല മതബോധനദിനമായി ആചരിക്കുക. മേഖല മത ബോധക്കമ്മിറ്റിയുടെ നേതൃത്വത്തിൽ അധ്യാപകർക്ക് സെമിനാർ നട ത്തുക. സി.എം.എൽ, തിരുബാലസഖ്യം എന്നിവ രൂപീകരിച്ച് ഭാര വാഹികളുടെ അഡ്രസ് പ്രസ്തുത സംഘടനകളുടെ ഡയറ ക്ടർമാർക്ക് നൽകുക.

**തിരുബാലസഖ്യം** : മോൺ ജസ്റ്റിൻ മഠത്തിൽപറമ്പിൽ
**സി.എം.എൽ.** : ഫാ. മാത്യു വ്യാക്കഴ

ജൂൺ 9 ന് പി.റ്റി.എ. രൂപീകരിച്ച് കൺവീനറുടെ പേരും വിലാ സവും മതബോധന കേന്ദ്രത്തിൽ നൽകുക.

*രൂപത ഡയറക്ടർ*

# വി.എസ്.എസ്.എസ്. വാർത്തകൾ

## ഗുണഭോക്തൃയോഗം

ചപ്പാത്ത് സെന്റ് ആന്റണീസ് ഇടവകയിൽ കുടിൽ രഹിത രൂപതാ പദ്ധതിയുടെ ഗുണഭോക്തൃയോഗം വികാരി ഫാ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിലിന്റെ അദ്ധ്യക്ഷതയിൽ നടന്നു. കോ- ഓർഡിനേറ്റർ സെബാസ്റ്റ്യൻ മറ്റത്തിൽ പദ്ധതിയുടെ ലക്ഷ്യങ്ങൾ, നടത്തിപ്പ് എന്നിവ വിശദീകരിച്ചു. കോർ ഓർഡിനേറ്റർ ജോൺ ജോസഫ്, മേഖല കോ- ഓർഡിനേറ്റർ സാബുമോൻ വി.ജെ. എന്നിവർ സംസാരിച്ചു. പി.ഡി.സി. സെക്രട്ടറി അന്നമ്മ ജോർജുകുട്ടി നന്ദി പ്രകാശിപ്പിച്ചു. പദ്ധതിവഴി 18 കുടുംബങ്ങൾക്കാണ് പ്രയോജനം ലഭിക്കുക.

## വി–ഷെയർ, എ.സി.എസ്സ്.ഐ. സംഗമം




വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കുടുംബക്ഷേമ പദ്ധതികളിലൊന്നായ വി-ഷെയിറിന്റെയും (we share) കുട്ടികളുടെ ക്ഷേമത്തിനായുള്ള എ.സി.എസ്സ്.ഐ. യുടെയും പദ്ധതികളിൽ അംഗങ്ങളായ കുട്ടികളുടെ വിദ്യാഭ്യാസപുരോഗതി, വ്യക്തിത്വ വികസനം എന്നിവ ലക്ഷ്യമിട്ട് സംഘടിപ്പിച്ച സംഗമം അമലനിലയത്തിൽ വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ഡെന്നീസ് ജോസഫ് കണ്ണമാലിൽ ഉത്ഘാടനം ചെയ്തു. വി-ഷെയർ എന്നാൽ നമ്മൾ പങ്കുവയ്ക്കുന്നു എന്നാണർത്ഥം. നമുക്കും പരസ്പരവും കരുതലുണ്ടാവണം. നമ്മുടെ ജീവിതം പ്രായോഗികമാകണം. അതിനോട് ശരിയായി പ്രതികരിക്കണം. പ്രതിസന്ധിഘട്ടങ്ങളിൽ ഒളിച്ചോടാതെ



ധൈര്യപൂർവ്വം നേരിടണം. ആത്മഹത്യകൾ ഒന്നിനും പരിഹാരമാവുന്നില്ല. അദ്ദേഹം പറഞ്ഞു. തുടർന്ന് ഗ്രേസ് ലാൽ, നിവ്യാ ജോയൽ എന്നിവർ ക്ലാസ് നയിച്ചു. നമ്മുടെ വ്യക്തി സ്വഭാവം പാരമ്പര്യം, ചുറ്റുപാട്, മാതൃകകൾ എന്നിവയിലടിസ്ഥാനപ്പെട്ടിരിക്കുന്നു. ഒരുവനെ ഉത്തമവ്യക്തിയാക്കുന്നതിൽ ഈ ഘടകങ്ങൾക്ക് പ്രാധാന്യമുണ്ട്. വർത്തമാന സാഹചര്യത്തിൽ ഭക്ഷണം, വസ്ത്രധാരണം, കാണുന്നതും, കേൾക്കുന്നതും ഇവ മുമ്പത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കുന്നു. ഈ മാറ്റം നമ്മിലും മാറ്റങ്ങളുണ്ടാക്കുന്നു. വിവേചനബുദ്ധിയുടോ ഇവയെ തിരിച്ചറിയുമ്പോഴാണ് നമ്മൾ ഉത്തമ വ്യക്തികളാവുന്നത്. കോ-ഓർഡിനേറ്റർ റവ.സി. സൂസൻ സ്വാഗതവും സി.ഡി.ഒ. മൈക്കിൾ ഡിക്രൂസ് നന്ദിയും പറഞ്ഞു. 250 പേർ പങ്കെടുത്തു.

പാമ്പനാർ മേഖലയിൽ നടന്ന സംഗമം സൊസൈറ്റി അസി. ഡയറക്ടർ ഫാ. ഫെലിക്സ് ദേവസ്യം പുറത്തേപ്പറമ്പിൽ ഉത്ഘാടനം ചെയ്തു. 103 പേർ പങ്കെടുത്തു.

## ഇന്റർനാഷണൽ ചൈൽഡ് ഹെൽപ്പ്ലൈൻ ദിനാചരണം

കോട്ടയം ചൈൽഡ് ഹെൽപ്പ്ലൈനിന്റെ ആഭിമുഖ്യത്തിൽ കോട്ടയം റെയിൽവേ സ്റ്റേഷനിൽ മെയ് 17ന് നടന്ന ഇന്റർനാഷണൽ ചൈൽഡ് ഹെൽപ്പ് ലൈൻ ദിനാചരണം റെയിൽവേ സ്റ്റേഷൻ അസി. മാനേജർ സ്റ്റാനി സ്ലാവോസ് ആന്റണി ഉദ്ഘാടനം ചെയ്തു. ചൈൽഡ് ലൈനിനെപ്പറ്റി അവബോധം നൽകുവാനായി തുറന്ന ഹെൽപ്പ് ഡെസ്ക്ക് വഴി ലഘുലേഖകൾ വിതരണം ചെയ്തു. കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ 1098-ൽ വിളിച്ചറിയിക്കുമെന്ന് പ്രതിജ്ഞ ചെയ്ത് സെൽഫി കോർണറിൽ യാത്രക്കാർ സെൽഫിക്ക് പോസ് ചെയ്തു. ചൈൽഡ് ലൈൻ ജില്ലാ കോ- ഓർഡിനേറ്റർ ജസ്റ്റിൻ മിഖായേൽ, കൊളാബ് കോ- ഓർഡിനേറ്റർ മാത്യു ജോസഫ്, സ്പ്പോർട്ട് കോ-ഓർഡിനേറ്റർ കുമാരി റിസ്റ്റി റോയ്, ടീം മെമ്പർമാരായ രഞ്ജിത്ത് ടോം, സാജൻ രാജു, ഷിബിൻ പി.എസ്. ജാൻസിമോൾ പി.ഡി. ബിമിമോൾ ബാബു എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**ആശാകിരണം കാൻസർ സാന്ത്വനപദ്ധതിയിലേക്ക് വിവിധ ഇടവക വികസനസമിതികൾ ശേഖരിച്ച് നൽകിയ തുക.**

വനവാതൂക്കര- 2020, പെരുവ- 3050

# മെരിറ്റ് ഡേ 2019



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വിജയപുരം കോർപ്പറേറ്റ് എജ്യൂക്കേഷൻ ഏജൻസിയും ചേർന്ന് നടത്തിയ രൂപതാ മെരിറ്റ് ഡേ അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ പിതാവ് ഉത്ഘാടനം ചെയ്തു. രൂപതാ ചാൻസലർ മോൺ. ജോസ് നവസ് അദ്ധ്യക്ഷനായിരുന്നു. സെക്കണ്ടറി, ഹയർ സെക്കണ്ടറി ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് നേടിയവർ, ബിരുദ, ബിരുദാനന്തര പരീക്ഷകളിലെ റാങ്ക് ജേതാക്കൾ, എം.ബി.ബി.എസ്സ്, ബിടെക്ക്, പി.എച്ച്. ഡി, എം.ഫിൽ എന്നിവ കരസ്ഥമാക്കിയവർ എന്നിവരെ അഭിവന്ദ്യ പിതാവ് പുരസ്ക്കാരം നൽകി ആദരിച്ചു. വി.എസ്സ്.എസ്സ്.എസ്സ് ഡയറക്ടർ ഫാ.ഡെന്നീസ് ജോസഫ് കണ്ണമാലിൽ, രൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. പോൾ ഡെന്നി രാമച്ചംകുടി, ജോബി തോമസ്, ഡോ. മിലിയാ സൂസൻ ജോസഫ് എന്നിവർ പ്രസംഗിച്ചു.



നിത്യവ്രത വാഗ്ദാന സുവർണ്ണ ജൂബിലി ആഘോഷിച്ച
സി. വെറീന സി.എസ്.എസ്.റ്റി.



# അഭിവന്ദ്യ പിതാവിന്റെ
## ജൂലൈ മാസ പരിപാടികൾ

| | | | |
|---|---|---|---|
| 05 | വെള്ളി | - | PPD |
| 06 | മാസാദ്യശനി 6.30 am | - | ദിവ്യബലി, വിമലഗിരി കത്തീഡ്രൽ, കോട്ടയം |
| 07-12 | | - | വൈദികരുടെ വാർഷികധ്യാനം, വിമലഗിരി പാസ്റ്ററൽ സെന്റർ, കോട്ടയം |
| 12-14 | | - | KRLCC, ആനിമേഷൻ സെന്റർ, കൊട്ടിയം, കൊല്ലം |
| 17 | ബുധൻ 6.30 am | - | കർമ്മലമാതാവിന്റെ തിരുനാൾ, ദിവ്യബലി മിണ്ടാമഠം, കോട്ടയം |
| 17-18 | | - | മേജർ സെമിനാരി കമ്മീഷന്റെ സന്ദർശനം സെന്റ്. ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി കാർമൽഗിരി, ആലുവ |
| 19 | വെള്ളി | - | PPD |
| 26 | വെള്ളി | - | PPD |



ഡീക്കൻപട്ടം ഹെറാൾഡ്സ് ഓഫ് ഗുഡ്ന്യൂസ് പാമ്പാടി



പ്രഥമ നിത്യവ്രതവാഗ്ദാനം സി.റ്റി.സി.



രൂപതമതബോധനദിനം 2019 അഭിവന്ദ്യ സെബാസ്റ്റ്യൻ തെക്കെത്തേച്ചേ
രിൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു



25 വർഷം സ്തുത്യർഹമായി സേവനമനുഷ്ഠിച്ച മതാധ്യാപകർ അഭി
വന്ദ്യപിതാവിനോടും മതബോധന ഡയറക്ടറോടുമൊപ്പം

JUNE 2019
Vol. 12 • Issue 6
Published on
1st June 2019

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 60.00

Registered No. KL/KTM/117/2017-19
LIC. No. KL/CR/KTM/WPP-09/2017-19
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

## മാലിന്യ നിർമ്മാർജ്ജന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം



# ECOBURN™

**MOST ECONOMICAL ECO–FRIENDLY SOLID WASTE BURNER**

വൈദ്യുതി, ഗ്യാസ്, ഓയിൽ തുടങ്ങിയ യാതൊരുവിധ ഇന്ധന സഹായവുമില്ലാതെ തികച്ചും പരിസ്ഥിതി സൗഹൃദപരമായി ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യ. മലിനീകരണ നിയന്ത്ര സംവിധാനത്തോടെ, ഫ്ളാറ്റുകൾ, ആശുപത്രികൾ ഹോസ്റ്റലുകൾ, ഓഡിറ്റോറിയങ്ങൾ, ഹോട്ടലുകൾ ഷോപ്പിംഗ് കോംപ്ലക്സ്, പൊതുമാർക്കറ്റുകൾ, വീടുകൾ എന്നിവയിൽ നിന്നുള്ള ഖരമാലിന്യ പ്രശ്നങ്ങൾക്ക് ചിലവു കുറഞ്ഞ രീതിയിൽ ശാശ്വത പരിഹാരം.

- ലളിതമായ പ്രവർത്തനരീതി
- പരിപാലന ചിലവ് ഇല്ല
- ആവശ്യാനുസരണമുള്ള ഡിസൈൻ
- വളരെ കുറഞ്ഞ സ്ഥാപിത ചിലവ്

**ecoway**
TECHNOLOGIES PVT. LTD.

**Perumbaikadu P.O., Neelimangalam**
**Kottayam - 686028**
**Ph: 0481-2397752/9400316501**

**ENVIRONMENTAL CONSULTANTS & MANUFACTURES OF:**
WATER & WASTE WATER TREATMENT PLANTS • SOLID WASTE DISPOSAL SYSTEMS • AIR POLLUTION CONTROL STSTEMS

Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180